17
ചൊവ്വ
ജനുവരി 2023
1198 മകരം 03
Vol0 5 Issue No.106

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



## സംസ്ഥാനത്ത് പൊതുഇടങ്ങളിൽ ഇനി മാസ്ക് നിർബന്ധം, സ്ഥാപനങ്ങളിൽ സോപ്പോ സാനിറ്റൈസറോ ഉറപ്പായും വേണം, ഉത്തരവിറക്കി സർക്കാർ

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് കേസുകൾ വിവിധയിടങ്ങളിൽ വീണ്ടും വർദ്ധിച്ചുവരുന്നതിനാൽ കൊവിഡ് നിയന്ത്രണങ്ങൾ നിർബന്ധമാക്കി ഉത്തരവിറക്കി സർക്കാർ.

പൊതുഇടങ്ങളിൽ സഞ്ചരിക്കുമ്പോൾ മാസ്ക് ഇനിമുതൽ നിർബന്ധമാണ്. സാമൂഹിക കൂടിച്ചേരലുകളുള്ള ഇടത്തും പൊതുഇടങ്ങളിലും ജോലി സ്ഥലങ്ങളിലും മാസ്ക് നിർബന്ധമാണെന്ന് സർക്കാർ വിജ്ഞാപനത്തിൽ അറിയിക്കുന്നു.

വാഹനങ്ങളിൽ സഞ്ചരിക്കുമ്പോഴോ ഗതാഗത സമയത്തോ മാസ്കോ മുഖാവരണമോ നിർബന്ധമാണ്. സംസ്ഥാനത്തെ സ്ഥിതി ആശങ്കാജനകമല്ലെങ്കിലും കൊവിഡിന്റെ പുതിയ വകഭേദം റിപ്പോർട്ട് ചെയ്യപ്പെട്ടതിനാലാണ് ഉത്തരവിറക്കിയത്. മുഖാവരണമോ മാസ്കോ കൊണ്ട് പൊതുഇടങ്ങളിൽ മൂക്കും വായും മൂടണം.

പൊതുഇടങ്ങളിൽ സാമൂഹിക അകലം പാലിക്കുന്നതും കർശനമാക്കിയിട്ടുണ്ട്. തീയേറ്ററുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പുകാർ ഉപഭോക്താക്കൾക്ക് കൈ കഴുകാൻ സോപ്പോ ശുചിയാക്കാൻ സാനിറ്റൈസറോ നിർബന്ധമായും നൽകണം. കൊവിഡിനെതിരെ ജാഗ്രത കൈവിടേണ്ട സമയമായിട്ടില്ലാത്തതിനാലാണ് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.



## കർണാടകയിൽ കോൺഗ്രസ് ഭരണം വന്നാൽ സ്ത്രീകൾക്ക് പ്രതിമാസം 2,000 രൂപ; പ്രഖ്യാപനവുമായി പ്രിയങ്ക

**ബെംഗളൂരു:** കോൺഗ്രസ് അധികാരത്തിലെത്തിയാൽ കർണാടകയിലെ ഓരോ വീട്ടമ്മമാർക്കും പ്രതിമാസം രണ്ടായിരം രൂപ വീതം നൽകുമെന്ന് കർണാടക പ്രദേശ് കോൺഗ്രസ് കമ്മിറ്റി. കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി പദ്ധതി ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് സംഘടിപ്പിച്ച 'നാ നായഗി' എന്ന വനിതാ കൺവെൻഷനിലാണ് പദ്ധതിയുടെ പ്രഖ്യാപനം. ഗൃഹലക്ഷ്മി എന്നു പേരിട്ടിരിക്കുന്ന പദ്ധതി ഒന്നരക്കോടിയിലധികം വീട്ടമ്മമാർക്ക് പ്രയോജനകരമാകുമെന്നാണ് കോൺഗ്രസ് പറയുന്നത്. സ്ത്രീകളെ ശാക്തീകരിക്കുന്നതിലൂടെ കുടുംബങ്ങൾ ശാക്തീകരിക്കപ്പെടുമെന്നും അതുവഴി രാഷ്ട്രം തന്നെ പുരോഗതിയാർജ്ജിക്കുമെന്നും കൺവൻഷനിൽ സംസാരിക്കുകയായിരുന്ന പ്രിയങ്ക ഗാന്ധി പറഞ്ഞു.

സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനമുന്നയിച്ച പ്രിയങ്ക ബിജെപി സർക്കാർ അധികാരത്തിലെത്തിയിട്ട് എന്തു മാറ്റമാണുണ്ടായതെന്നും വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കുമെതിരെ സർക്കാരിന് എന്തു ചെയ്യാൻ കഴിഞ്ഞെന്നും ചോദിച്ചു. കർണാടകയിൽ ഒന്നര ലക്ഷം കോടി രൂപയാണ് അഴിമതിയിലൂടെ നഷ്ടപ്പെട്ടതെന്നും പ്രിയങ്ക പറഞ്ഞു. ബെംഗളൂരു ഉൾപ്പടെ കർണാടകയിലെ പല സ്ഥലങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവെന്നും അതിനെതിരെ സർക്കാർ എന്താണ് ചെയ്തത്. തൊഴിൽ നൽകുക എന്നതിലുപരി വിവാദങ്ങൾ സൃഷ്ടിക്കുന്നതിലാണ് ഈ സർക്കാരിനു താത്പര്യം. ചില ബിസിനസ്സ് വമ്പന്മാരെ പ്രീതിപ്പെടുത്തുന്നതിൽ മാത്രമാണ് ബിജെപിയുടെ ശ്രദ്ധ.

കോൺഗ്രസ് അധികാരത്തിലിരുന്നപ്പോൾ കർഷകർക്കു ലോൺ നൽകി. ഐടി മേഖല ശക്തിപ്പെട്ടതും കോൺഗ്രസിന്റെ ഭരണകാലത്താണ്. കോൺഗ്രസ് സ്ത്രീകൾക്കായി ഒരു പ്രകടന പത്രിക തയ്യാറാക്കിയപ്പോൾ പലരും കളിയാക്കി. എന്നാൽ അതിനു പിന്നാലെയാണ് പല രാഷ്ട്രീയ പാർട്ടികളും സ്ത്രീകളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ തുടങ്ങിയത്. കോൺഗ്രസ് പ്രതിമാസം രണ്ടായിരം രൂപ വീതം വീട്ടമ്മമാർക്കു നൽകും. 200 യൂണിറ്റ് സൗജന്യ വൈദ്യുതിയും എല്ലാ വീടുകളിലും നൽകും. ഇനി വരുന്ന തിരഞ്ഞെടുപ്പുകളിലെങ്കിലും നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നുണ്ടെന്ന് നിങ്ങൾ ഉറപ്പാക്കണം. പ്രിയങ്ക പറഞ്ഞു.

## കുസാറ്റ് മാതൃക', എല്ലാ സർവ്വകലാശാലകളിലും ആർത്തവാവധി നടപ്പാക്കുന്നത് പരിഗണിക്കുമെന്ന് ആർ ബിന്ദു

### കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നടപ്പാക്കിയ ആർത്തവാവധി മാതൃകയാണ് സംസ്ഥാന വ്യാപകമാക്കാൻ പരിഗണിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ആർത്തവാവധി നടപ്പാക്കുന്നത് പരിഗണിക്കുമെന്ന് മന്ത്രി ഡോ ആർ ബിന്ദു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നടപ്പാക്കിയ ആർത്തവാവധി മാതൃകയാണ് സംസ്ഥാന വ്യാപകമാക്കാൻ പരിഗണിക്കുന്നതെന്നും മന്ത്രി പറഞ്ഞു. എസ്എഫ്ഐ നേതൃത്വം നൽകുന്ന വിദ്യാർത്ഥി യൂണിയൻറെ ആവശ്യപ്രകാരമാണ് കുസാറ്റിൽ ആർത്തവാവധി നൽകാൻ തീരുമാനിച്ചത്. ആർത്തവസമയത്ത് വിദ്യാർത്ഥിനികൾ അനുഭവിക്കുന്ന മാനസിക - ശാരീരിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് തീരുമാനം വ്യാപിപ്പിക്കാൻ ആലോചിക്കുന്നതെന്നും മന്ത്രി വിശദീകരിച്ചു. വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിലും പരീക്ഷയെഴുതാൻ 75 ശതമാനം ഹാജരാണ് വേണ്ടത്. എന്നാൽ ആർത്തവാവധി പരിഗണിച്ച് വിദ്യാർത്ഥിനികൾക്ക് 73 ശതമാനം ഹാജരുണ്ടായാലും പരീക്ഷയെഴുതാം എന്ന ഭേദഗതിയാണ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കൊണ്ടുവന്നത്. ഇത് മറ്റ് സർവ്വകലാശാലകളിലും നടപ്പാക്കുന്നത് വിദ്യാർത്ഥിനികൾക്ക് വലിയ ആശ്വാസമായിരിക്കുമെന്നും ബിന്ദു പറഞ്ഞു. ഇക്കാര്യമാവശ്യപ്പെട്ട് എസ് എഫ് ഐ സംസ്ഥാന നേതൃത്വം നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.



## കൊച്ചിയിൽ ഗുണ്ടകൾ ഏറ്റുമുട്ടി; മരട് അനീഷ് അടക്കം 17 പേർക്കെതിരേ കേസ്, 3 പേർ പിടിയിൽ

കാക്കനാട്(കൊച്ചി): തട്ടുകടയ്ക്ക് മുന്നിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഗുണ്ടകൾ ഏറ്റുമുട്ടിയ സംഭവത്തിൽ മൂന്നുപേർ പിടിയിലായി. വാടനാപ്പിള്ളി ഗണേശമംഗലം ചാലിൽ വീട്ടിൽ നിസാം (37), തൃക്കാക്കര നോർത്ത് ടി.വി.എസ്. ജങ്ഷനുസമീപം തിണ്ടിക്കൽ വീട്ടിൽ സനൂപ് (33), ഇടപ്പള്ളി നോർത്ത് വട്ടേക്കുന്നം കാട്ടിപ്പറമ്പിൽ സഗീർ (27) എന്നിവരാണ് തൃക്കാക്കര പോലീസിന്റെ പിടിയിലായത്.



ശനിയാഴ്ച പുലർച്ചെയാണ് കാക്കനാട് കുന്നുംപുറത്തെ 'സലാം' തട്ടുകടയുടെ മുന്നിലെ റോഡിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് യുവാക്കൾ ആക്രമണം നടത്തിയത്. തട്ടുകടയുടെ മുൻവശത്ത് വാഹനം പാർക്ക് ചെയ്യുന്നത് സംബന്ധിച്ച തർക്കമാണ് അടിപിടിയിൽ കലാശിച്ചത്. ഏറ്റുമുട്ടലിൽ നാലുപേർക്ക് പരിക്കേറ്റിരുന്നു. രണ്ട് പരാതികളിലായി ഗുണ്ടാത്തലവൻ മരട് അനീഷ് ഉൾപ്പെടെ 17 പേർക്കെതിരേയാണ് കേസെടുത്തത്.

## കള്ളപ്പണ ഇടപാട് ആരോപണത്തിൽ ഇ.ഡി.ചോദ്യം ചെയ്യലിന് ശേഷം ക്ഷുഭിതനായി ഇടത് എംഎൽഎ അൻവർ

**കൊച്ചി:** എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ ചോദ്യം ചെയ്യലിന് ശേഷം മാധ്യമങ്ങളോട് തട്ടിക്കയറി ഇടത് സ്വതന്ത്ര എംഎൽഎ പി.വി.അൻവർ. ചോദ്യം ചെയ്യൽ സംബന്ധിച്ച് മാധ്യമ പ്രവർത്തകർ ആരാഞ്ഞപ്പോൾ ഇന്ത്യ-പാകിസ്താൻ ഫുട്ബോൾ കളിയെ കുറിച്ച് ചർച്ച ചെയ്യാനാണെന്നായിരുന്നു അൻവറിന്റെ പ്രതികരണം. ഒന്നും പറയാൻ സൗകര്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ക്വാറി ബിസിനസിലെ കള്ളപ്പണ ഇടപാടുമായി ബന്ധപ്പെട്ടാണ് പി വി അൻവറിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കൊച്ചിയിൽ ചോദ്യം ചെയ്തത്.കഴിഞ്ഞ ജൂലായിൽ ഇഡിക്ക് ഇത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. 2012ൽ കർണാടക ബെൽത്തങ്ങാടിയിലെ ക്വാറി ബിസിനസിലെ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് മലപ്പുറം സ്വദേശി സലീം എന്ന വ്യക്തിയാണ് അൻവറിനെതിരെ പരാതി നൽകിയത്.



അൻവർ ക്വാറിയുണ്ടെന്ന് കാണിച്ച് പണം തട്ടിയെടുത്തെന്നായിരുന്നു സലീമിന്റെ പരാതി. ഇതുമായി ബന്ധപ്പെട്ട തെളിവുകൾ സലീമിനോട് ഹാജരാക്കാൻ ഇ.ഡി.ആവശ്യപ്പെടുകയും ഇയാൾ കൈവശമുള്ള തെളിവുകൾ കൈമാറുകയും ചെയ്തിരുന്നു.

തന്റെ ഉടമസ്ഥതയിൽ മംഗലാപുരത്ത് ക്വാറിയുണ്ടെന്നും 50 ലക്ഷം രൂപ മുടക്കിയാൽ 10 ശതമാനം ഷെയർ നൽകാമെന്ന് അൻവർ തെറ്റിദ്ധരിപ്പിച്ചെന്നുമാണ് മലപ്പുറം സ്വദേശിയായ വ്യവസായി സലീം ഇഡിയ്ക്ക് മൊഴി നൽകിയത്.






സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ആശങ്ക ജനിപ്പിക്കുന്ന ഒരു വിജ്ഞാപനം

വന്യമൃഗങ്ങളെ വേട്ടയാടുന്നത് പഴയകാലത്ത് രാജാക്കന്മാരുടേയും ബ്രിട്ടീഷുകാരുടെയും മറ്റും പ്രധാന മൃഗയാവിനോദങ്ങളിൽ ഒന്നായിരുന്നു. അന്നൊക്കെ ജനസംഖ്യ കുറവായിരുന്നു. കാടിന്റെ വിസ്തൃതിയാകട്ടെ വളരെ കൂടുതലും. കാലം മാറിയപ്പോൾ വന്യമൃഗങ്ങളെ സംരക്ഷിക്കാൻ നിയമം വന്നു. ഇപ്പോൾ സൽമാൻഖാൻ ആയാലും മാനിനെ വേട്ടയാടിയാൽ അകത്താകും. വന്യമൃഗങ്ങളെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. അതേസമയം ഇതേനിയമം നാട്ടിൽ കഴിയുന്ന മറ്റ് ജീവികൾക്കും ബാധകമാക്കിയാൽ ജനങ്ങൾക്ക് ജയിലിൽ കിടക്കാനേ സമയം കാണൂ. ഇത്തരം ആശങ്ക ജനിപ്പിക്കുന്ന ഒരു വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കിയിരിക്കുകയാണ്.

കാക്കകളും വവ്വാലുകളും എലികളും മറ്റും ധാരാളമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇവയെ ഷെഡ്യൂൾ രണ്ടിലാക്കിയാണ് കേന്ദ്രം വിജ്ഞാപനമിറക്കിയത്. അതിന്റെ അർത്ഥം ഇനി അവയെ കൊന്നാൽ മൂന്ന് വർഷം തടവും 25,000 രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമായി കണക്കാക്കുമെന്നാണ്. പാർലമെന്റ് പാസാക്കിയ വന്യമൃഗസംരക്ഷണ നിയമഭേദഗതി പ്രകാരം സംരക്ഷിത പട്ടികയായ ഷെഡ്യൂൾ രണ്ടിൽ ഉൾപ്പെടുന്ന ജീവികളെ അനുവാദമില്ലാതെ കൊല്ലാൻ പാടില്ല. കടുവയെയും പുലിയെയുമൊക്കെ ഇതിൽ ഉൾപ്പെടുത്തുന്നത് മനസിലാക്കാം. പക്ഷേ എലിയെക്കൂടി അതിൽ ഉൾപ്പെടുത്തിയാലോ? അത്തരമൊരു അസംബന്ധമാണ് പുതിയ വിജ്ഞാപനത്തിലൂടെ നടന്നിരിക്കുന്നത്. വിളകൾ നശിപ്പിക്കുകയും രോഗങ്ങൾ പരത്തുകയും ചെയ്യുന്ന വെർമിൻ ജീവികൾ അടങ്ങിയ അഞ്ചാം ഷെഡ്യൂളിലായിരുന്നു നേരത്തെ കാക്കയും വവ്വാലും എലിയും മറ്റും. കൊല്ലാൻ മനുഷ്യന് അനുമതിയുണ്ടായിരുന്ന ജീവികളാണവ. അനുമതിയുണ്ടെന്നും പറഞ്ഞ് കേരളത്തിൽ ആരും കാക്കയെ കൊല്ലാറില്ല. നിപ്പ വന്നതിന് ശേഷം ആളുകൾക്ക് വവ്വാലിനെ പേടിയാണ്. പക്ഷേ മിക്കവാറും വീടുകളിലും കൃഷിയിടങ്ങളിലും എലിയെയും പെരുച്ചാഴിയെയും മറ്റും എലിവിഷം നൽകിയും കെണിവച്ചും കൊല്ലാറുണ്ട്. ഇവയുടെ ശല്യം സഹിക്കവയ്യാതെ വരുമ്പോഴാണിത്. ഇതിനെതിരെ കേസെടുക്കുമെന്ന് വന്നാൽ കുടുംബ കലഹത്തിന്റെ മറവിൽ ഭാര്യ ഭർത്താവിനെതിരെയും തിരിച്ചും പുതിയ വിജ്ഞാപനം ദുരുപയോഗം ചെയ്യാം. പോക്സോ കേസുകൾ വ്യക്തിവിരോധത്തിന് ഉപയോഗിക്കപ്പെട്ട നിരവധി ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്.

മനുഷ്യന്റെ സൈ്വരജീവിതം തടയുന്ന ഇത്തരം നിയമങ്ങൾ വീണ്ടുവിചാരമില്ലാതെ നടപ്പാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കാനുള്ള വിവേകമാണ് ഭരണകൂടങ്ങൾ കാണിക്കേണ്ടത്. അതിനാൽ കാക്കയെയും എലിയെയും മറ്റും ഷെഡ്യൂൾ രണ്ടിൽ ഉൾപ്പെടുത്തിയ വിജ്ഞാപനം അടിയന്തരമായി റദ്ദാക്കണം. ഇവയുടെ കാര്യത്തിൽ നേരത്തെയുള്ള സ്ഥിതി പുനഃസ്ഥാപിക്കുകയാണ് വേണ്ടത്. ഇതേ വിജ്ഞാപനത്തിൽത്തന്നെ രണ്ടാം ഷെഡ്യൂളിലെ ജീവികൾ മനുഷ്യനെയോ വിളകളെയോ കന്നുകാലികളെയോ ആക്രമിക്കുകയോ അവ അനിയന്ത്രിതമായി പെരുകുകയോ ചെയ്താൽ അവയെ വെർമിൻ വിഭാഗത്തിൽ ഉൾപ്പെടുത്തി കൊല്ലാൻ സംസ്ഥാന വൈൽഡ് ലൈഫ് ബോർഡുകൾക്ക് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അടിയന്തരമായി അപേക്ഷനൽകി ഇവയെ സംസ്ഥാനത്ത് വെർമിൻ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. വേണ്ട സമയത്ത് കാര്യങ്ങൾ ചെയ്യാതിരുന്ന് കേരളത്തെ കുഴിയിൽ ചാടിക്കുക എന്നത് ഉദ്യോഗസ്ഥരുടെ സ്ഥിരം പരിപാടിയാണ്. ഇക്കാര്യത്തിൽ അതുണ്ടാകാതിരിക്കാൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രദ്ധിക്കണം



# 2023 ബിജെപിയ്ക്ക് സുപ്രധാനമായ വർഷം, ഇക്കൊല്ലത്തെ ഒൻപത് തിരഞ്ഞെടുപ്പിൽ ഒന്നിൽ പോലും തോറ്റുപോകരുതെന്ന് നദ്ദ

ന്യൂഡൽഹി: ഈ വർഷം നടക്കുന്ന ഒൻപത് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ഒന്നിൽപ്പോലും തോൽക്കരുതെന്ന് പാർട്ടി നേതാക്കൾക്ക് നിർദ്ദേശം നൽകി ബിജെപി ദേശീയ അദ്ധ്യക്ഷൻ ജെ.പി നദ്ദ.

ബിജെപി ദേശീയ എക്സിക്യൂട്ടീവ് യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചതെന്ന് മുതിർന്ന നേതാവ് രവി ശങ്കർ പ്രസാദ് വ്യക്തമാക്കി. ഈ വർഷമുള്ള ഒൻപത് നിയമസഭാ തിരഞ്ഞെടുപ്പുകളിലും പൊരുതണമെന്നും ഒന്നിൽ പോലും തോൽക്കാനാവില്ലെന്നും പറഞ്ഞ നദ്ദ പിന്നീട് 2024ലെ പൊതുതിരഞ്ഞെടുപ്പിലും ഇതാവർത്തിക്കണമെന്ന് ആവശ്യപ്പെട്ടു.

'രാജ്യത്ത് പാർട്ടി ദുർബലമായ ബൂത്തുകൾ കണ്ടെത്തി ശക്തിപ്പെടുത്തണമെന്ന് പ്രധാനമന്ത്രി പറഞ്ഞിരുന്നു. അത്തരം 72,000 ബൂത്തുകൾ നേരത്തെ കണ്ടെത്തിയിരുന്നു. ഇന്ന് 1.30 ലക്ഷം ബൂത്തുകൾ ശക്തിപ്പെടുത്തിയതായി ദേശീയാദ്ധ്യക്ഷൻ അറിയിച്ചു.' രവിശങ്കർ പ്രസാദ് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ബിജെപി പ്രസിഡന്റ് ജെ.പി നദ്ദ, കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, മറ്റ് മുതിർന്ന നേതാക്കൾ എന്നിവർ പാർട്ടി യോഗത്തിൽ പങ്കെടുത്തിരുന്നു.

ഈയിടെ ഫലം പുറത്തുവന്ന ഗുജറാത്തിലെ ചരിത്ര വിജയവും ഹിമാചലിലെ പരാജയവും യോഗം ചർച്ച ചെയ്തു. മൊബൈൽ, കാർ നിർമ്മാണം, വന്ദേഭാരത് ട്രെയിൻ നിർമ്മാണം എന്നിവയിൽ രാജ്യത്തെ കുതിപ്പ് സമ്പദ്‌വ്യവസ്ഥയിൽ ബ്രിട്ടണെ മറികടക്കാൻ ഇന്ത്യയെ സഹായിച്ചതായി ദേശീയ എക്സിക്യൂട്ടിവിൽ നേതാക്കൾ വിലയിരുത്തി.



# ഗംഗാവിലാസ് ക്രൂസ്: യാത്ര മുടങ്ങിയിട്ടില്ല, ജലനിരപ്പ് കുറഞ്ഞതിനാൽ നങ്കൂരമിട്ടു, യാത്ര തുടരും

പട്ന (ബിഹാർ): ഇന്ത്യയുടെ അഭിമാന ടൂറിസം പദ്ധതി ഗംഗാവിലാസ് ക്രൂസിന്റെ യാത്ര മുടങ്ങിയെന്ന റിപ്പോർട്ടുകൾ തള്ളി അധികൃതർ. 51 ദിവസം നീളുന്ന നദീജലയാത്ര ആരംഭിച്ച് മൂന്നാമത്തെ ദിവസം കപ്പലിന്റെ യാത്ര തടസപ്പെട്ടെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. എന്നാൽ, ഗംഗാനദിയിലെ ജലനിരപ്പ് കുറഞ്ഞതിനാൽ കപ്പൽ ആഴമേറിയ ഭാഗത്ത് നങ്കൂരമിട്ടശേഷം യാത്രികരെ ബോട്ടുകളിൽ ചിരാന്ദ് സന്ദർശിക്കാൻ കൊണ്ടുപോയിരിക്കുകയാണെന്ന് അധികൃതർ വിശദീകരിച്ചു. ബിഹാറിലെ ഛപ്രയിലാണ് കപ്പൽ ഇപ്പോഴുള്ളത്. ജനുവരി 13 -ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.

ചരിത്രമുറങ്ങുന്ന ചിരാന്ദ് സന്ദർശിക്കാൻ വിനോദ സഞ്ചാരികളെ തീരത്ത് എത്തിക്കാനിരിക്കെയാണ് കപ്പൽ കുടുങ്ങിയെന്ന തരത്തിലുള്ള വാർത്തകൾ പുറത്തുവന്നത്. ഛപ്രയിൽ നിന്ന് 11 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന സാരണിലാണ് ചിരാന്ദ്. എന്നാൽ നദിയിലെ ആഴക്കുറവ് മൂലം കപ്പലിന് നീങ്ങാനാവാത്ത അവസ്ഥയിലാണുള്ളതെന്ന് അധികൃതർ വ്യക്തമാക്കി. വിവരമറിഞ്ഞ് സംസ്ഥാന ദുരന്ത പ്രതികരണസേന രംഗത്തെത്തുകയും കപ്പലിൽനിന്ന് യാത്രികരെ ചെറുബോട്ടുകളിൽ ചിരാന്ദിലെത്തിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

വിനോദസഞ്ചാരികൾക്ക് ചിരാന്ദിൽ എല്ലാവിധ സൗകര്യങ്ങളും തയ്യാറാണെന്ന് ഛപ്ര സിഒ സതേന്ദ്ര സിങ് അറിയിച്ചു. കരയ്ക്ക് സമീപത്തേക്ക് ക്രൂസ് അടുപ്പിക്കുന്നതിന് നിലവിൽ ചില പ്രതികൂല സാഹചര്യങ്ങളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കപ്പൽ കുടുങ്ങിയെന്ന വാർത്തകൾ വ്യാജമാണെന്ന് ക്രൂസ് ഓപ്പറേറ്റർ എക്സോട്ടിക് ഹെറിറ്റേജ് ഗ്രൂപ്പിന്റെ ചെയർമാൻ രാജ് സിങ്ങും എൻഡിടിവിയോട് പ്രതികരിച്ചു. മുൻനിശ്ചയപ്രകാരം കപ്പൽ പട്നയിൽ എത്തിച്ചേർന്നതായും രാജ് സിങ് കൂട്ടിച്ചേർത്തു. വലിയ യാനങ്ങൾ കരയിലേക്കടുപ്പിക്കുന്നത് പ്രയാസകരമാണെന്നും സ്വാഭാവിക നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



# ശാസ്ത്രത്തെ അടുത്തറിയാം പഠനം രസകരമാക്കാം; സ്കൂൾ കുട്ടികൾക്ക് അവധിക്കാല ശാസ്ത്രപഠന പരിപാടി

സ്കൂൾകുട്ടികൾക്ക് ശാസ്ത്രത്തെ അടുത്തറിയാനും പരീക്ഷണ നിരീക്ഷണങ്ങളുടെ സഹായത്തോടെ ശാസ്ത്രപഠനം രസകരമാക്കാനും ലക്ഷ്യമിട്ട് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്), സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി ഏപ്രിൽ, മേയ് മാസങ്ങളിൽ സംഘടിപ്പിക്കുന്ന അവധിക്കാല ശാസ്ത്രപഠനപരിപാടി ഏപ്രിൽമൂന്നിന് ആരംഭിക്കും.


സയൻസ് പാർക്ക്, ഐ.എസ്.ആർ.ഒ. പവിലിയൻ, ഔഷധവൃക്ഷ ഉദ്യാനം, വിവിധ ശാസ്ത്രലാബുകൾ, ബട്ടർഫ്‌ളൈഗാർഡൻ എന്നിങ്ങനെ കണ്ടുപഠിക്കാൻ വിവിധങ്ങളായ ശാസ്ത്രകേന്ദ്രങ്ങൾക്കൊപ്പം വിവിധ വിഷയങ്ങളിലെ വിദഗ്ധർ നയിക്കുന്ന സംവേദനാത്മക ക്ലാസുകളുണ്ട്. ഒപ്പം വായനാശീലം, എഴുത്തുശീലം, വ്യക്തിത്വവികസനം, സയൻസ് കമ്യൂണിക്കേഷൻ എന്നിങ്ങനെ കുട്ടികളിലെ ബഹുമുഖകഴിവുകൾ വളർത്താൻ പരിപാടിയിൽ അവസരമുണ്ടാകും. അഞ്ചുമുതൽ ഒൻപതാം ക്ലാസുവരെ പഠിക്കുന്നവർക്ക് പങ്കെടുക്കാം.

ജൂനിയർ, സീനിയർ വിഭാഗത്തിലാകും ക്ലാസുകൾ. ശാസ്ത്ര അറിവുകൾക്കും പ്രായോഗിക പരിജ്ഞാനത്തിനും പ്രാധാന്യംനൽകി വിദഗ്ധർ അടങ്ങുന്ന പാനലിന്റെ സഹായത്തോടെയാണ് കോഴ്സ് രൂപകല്പന ചെയ്തത്. നിശ്ചിത എണ്ണം കുട്ടികൾക്കാണ് പ്രവേശ

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



# പെരിന്തൽമണ്ണ മണ്ഡലത്തിൽ കാണാതായ വോട്ടുപെട്ടി കണ്ടെത്തി

**മലപ്പുറം:** പെരിന്തൽമണ്ണ നിയമസഭാ തെരഞ്ഞെടുപ്പിലെ കാണാതായ വോട്ടുപെട്ടി കണ്ടെത്തി. ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ മലപ്പുറത്തെ ഓഫീസിൽ നിന്നാണ് പെട്ടി കണ്ടെത്തിയത്. തർക്കത്തെ തുടർന്ന് എണ്ണാതെ വെച്ച സ്പെഷ്യൽ തപാൽ വോട്ട് പെട്ടികളിൽ ഒന്നാണ് പെരിന്തൽമണ്ണ ട്രഷറിയിൽ നിന്ന് കാണാതായത്. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ പെരിന്തൽമണ്ണ മണ്ഡലത്തിൽ വെറും 38 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് യുഡിഎഫ് സ്ഥാനാർത്ഥി നജീബ് കാന്തപുരം ജയിച്ചത്. അപാകതകൾ ചൂണ്ടിക്കാട്ടി 348 സ്പെഷ്യൽ തപാൽ വോട്ടുകൾ എണ്ണിയിരുന്നില്ല. ഉദ്യോഗസ്ഥൻ ബാലറ്റ് കവറിൽ ഒപ്പ് വെച്ചില്ല എന്ന കാരണത്താലാണ് എണ്ണാതിരുന്നത്. ഈ വോട്ടുകൾ അസാധുവാക്കിയതിനെതിരെ എതിർ സ്ഥാനാർത്ഥി കെപിഎം മുസ്തഫ ഹൈക്കോടതിയെ സമീപിച്ചിരുന്നു. പെരിന്തൽമണ്ണ സബ് ട്രഷറിയിൽ സൂക്ഷിച്ചിരുന്ന സ്പെഷ്യൽ തപാൽ വോട്ടുകളും മറ്റും ഹൈക്കോടതിയുടെ സംരക്ഷണയിലേക്ക് മാറ്റണമെന്ന മുസ്തഫയുടെ ആവശ്യം കോടതി അംഗീകരിച്ചിരുന്നു. തപാൽ വോട്ടുകൾ ഹൈക്കോടതിലേക്ക് മാറ്റുന്നതിനായി ഉദ്യോഗസ്ഥർ എത്തിയപ്പോഴാണ് പെട്ടി കാണാനില്ലെന്ന കാര്യം മനസിലായത്. പിന്നീട്, ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ മലപ്പുറത്തെ ഓഫീസിൽ നിന്നാണ് വോട്ടുപെട്ടി കണ്ടെത്തിയത്.






# തോമസിന് ചികിത്സ വൈകിയിട്ടില്ല', മെഡിക്കൽ കോളേജിന് വീഴ്ച്ചയില്ലെന്ന് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട്

**വയനാട്:** കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കർഷകന് ചികിത്സ നൽകുന്നതിൽ വയനാട് ഗവ.മെഡിക്കൽ കോളേജിന് വീഴ്ച്ച ഉണ്ടായിട്ടില്ലെന്ന് ആരോഗ്യവകുപ്പ്. ഹൃദയ സംബന്ധമായ രോഗമാണ് തോമസിൻറെ മരണകാരണമെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആരോഗ്യമന്ത്രിയ്ക്ക് റിപ്പോർട്ട് നൽകി. അഞ്ച് ദിവസം മുൻപാണ് മാനന്തവാടി വെള്ളാരം കുന്നിൽ കൃഷിയിടത്തിൽ വച്ച് കർഷകൻ തോമസിനെ കടുവ ആക്രമിച്ചത്. കൈക്കും കാലിനും ഗുരുതര പരിക്കേറ്റ തോമസിനെ ഉടൻ മാനന്തവാടി മെഡിക്കൽ കോളേജിലേക്ക് മാറ്റി. എന്നാൽ വേണ്ട ചികിത്സ നൽകാൻ മെഡിക്കൽ കോളേജ് അധികൃതർ തയ്യാറായില്ലെന്നാണ് കുടുംബത്തിൻറെ പരാതി. വിദഗ്ധരായ ഡോക്ടർമാർ ഇല്ലായിരുന്നുവെന്ന് മകൾ സോന മന്ത്രി കൃഷ്ണൻകുട്ടിക്ക് മുന്നിൽ പൊട്ടി കരഞ്ഞുകൊണ്ട് പറഞ്ഞു. തോമസിനെ ആധുനിക ചികിത്സ സംവിധാനമുള്ള ആശുപത്രിയിലേക്ക് മാറ്റാൻ ഐസിയു ആംബുലൻസ് വിട്ട് നൽകിയില്ലെന്നും പരാതിയുണ്ട്. വനംവകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ വീട്ടിലെത്തിയ സമയത്തും കുടുംബം പരാതി ആവർത്തിച്ചു. മൃഗമല്ല മനുഷ്യരാണ് തോമസിനെ കൊന്നതെന്ന് മന്ത്രിയോട് കുടുംബം പറഞ്ഞു. എന്നാൽ ഈ ആരോപണങ്ങൾ തള്ളുകയാണ് ആരോഗ്യ വകുപ്പ്. തോമസിന് ചികിത്സ നൽകാൻ വൈകിയിട്ടില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് റിപ്പോർട്ട് നൽകി. അസി. പ്രൊഫസർമാർ ഉൾപ്പടെയുള്ള ഡോക്ടർമാർ തോമസിനെ കൊണ്ടു വരുമ്പോൾ ആശുപത്രിയിലുണ്ടായിരുന്നു. ശസ്ത്രക്രിയ നടത്താൻ മൈക്രോ വാസ്കുലാർ സർജൻ ഇല്ലാത്തത് കൊണ്ടാണ് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തത്. തോമസ് യാത്രാമധ്യേ ഗുരുതരാവസ്ഥയിൽ ആകാൻ കാരണം ഹൃദയ സംബന്ധമായ രോഗം കൊണ്ടാണെന്നും റിപ്പോർട്ടിലുണ്ട്. മുറിവുകളിൽ നിന്നുണ്ടായ അമിത രക്തസ്രാവം മൂലം ഷോക്ക് ഉണ്ടായി എന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വിശദീകരിക്കുന്നു. ഇതിനിടെ ആരോഗ്യ വകുപ്പിൻറെ അനാവസ്ഥയിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടത്തി.

# കാണികൾ കുറയാൻ കാരണം സംഘാടകരുടെ പിടിപ്പുകേട്, കനത്ത വെയിലും ചൂടും, വിശദീകരണവുമായി മന്ത്രി അബ്ദു റഹിമാൻ





**തിരുവനന്തപുരം :** കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യാ ശ്രീലങ്ക ഏകദിന ക്രിക്കറ്റ് മത്സരത്തിന് കാണികൾ കുറഞ്ഞതിന് കാരണം തന്റെ പ്രസ്താവനയാണെന്ന വിവാദത്തിന് മറുപടിയുമായി മന്ത്രി വി.അബ്ദു റഹിമാൻ. കാണികൾ കുറയാൻ കാരണം സംഘാടകരായ കെ.സി.എയുടെ പിടിപ്പുകേടാണെന്ന് മന്ത്രി വ്യക്തമാക്കി. ദുർബലരായ എതിരാളികളും കനത്ത ചൂടും വെയിലും കാണികൾ കുറഞ്ഞതിന് കാരണമായെന്നും മന്ത്രി ഫേസ്ബുക്ക് കുറിപ്പിൽ ചൂണ്ടിക്കാട്ടി. സംഘാടകരുടെ പിടിപ്പുകേട് മറച്ചുവയ്ക്കാനാണ് മന്ത്രിയെയും സർക്കാരിനെയും കുറ്റപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു മന്ത്രി വി. അബ്ദുറഹിമാനെ ഫേസ്ബുക്ക് പോസ്റ്റ കേരളത്തിലെ എൽ ഡി എഫ് സർക്കാർ എക്കാലവും കളിയ്ക്കും കായികതാരങ്ങൾക്കും കളിയാസ്വാദകർക്കും ഒപ്പമാണ്. ഇവിടെ നടക്കുന്ന മുഴുവൻ കായികമത്സരങ്ങൾക്കും അകമഴിഞ്ഞ പ്രോത്സാഹനവും പിന്തുണയുമാണ് സർക്കാർ നൽകിവരുന്നത്. മത്സരങ്ങൾ കൂടുതൽ പേർ കാണുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇവിടെ മികച്ച കായികതാരങ്ങൾ ഉയർന്നുവരണം. തന്റെ പ്രസ്താവനയെ ചിലർ വികലമാക്കി അവതരിപ്പിച്ചുവെന്നും ദുർവ്യാഖ്യാനം ചെയ്തുവെന്നും മന്ത്രി ആരോപിച്ചു. ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ തിരുവനന്തപുരത്തു നടക്കുന്ന മത്സരങ്ങൾ ആഗ്രഹിക്കുന്ന മുഴുവനാളുകൾക്കും കാണാൻ അവസരം ഉണ്ടാകണം. അതിനാവശ്യമായ എല്ലാ നടപടികളും അതതു സമയങ്ങളിൽ സർക്കാർ സ്വീകരിക്കാറുണ്ട്. കഴിഞ്ഞ തവണ ഗ്രൗണ്ടിന്റെ മോശം അവസ്ഥ ഉൾപ്പെടെ ഏറെ വെല്ലുവിളികൾ അതിജീവിച്ചാണ് ഇന്ത്യ ദക്ഷിണാഫ്രിക്ക ടി20 മത്സരത്തിന് ഗംഭീരമായി വേദിയൊരുക്കിയത്.ഇന്ത്യൻ ടീമിന്റെ മത്സരങ്ങൾ മത്സരം പൂർണ്ണമായും ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ (ബി സി സി ഐ) നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലുമാണ് നടക്കുന്നത്. ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നത് അതത് സംസ്ഥാന ക്രിക്കറ്റ് അസോസിയേഷനുകളാണ്. സംഘാടകർ ആവശ്യപ്പെടുന്ന സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തി കൊടുക്കുന്ന ചുമതല മാത്രമാണ് സർക്കാരിനുള്ളത്. മത്സര നടത്തിപ്പിലോ, ടിക്കറ്റ് നിരക്ക് നിശ്ചയിക്കുന്നതിലോ ഒരു പങ്കുമില്ല. സംസ്ഥാന സ്പോട്സ് കൗൺസിലിന്റെയും സർക്കാരിന്റെയും നിയമങ്ങൾക്ക് അനുസരിച്ചു പ്രവർത്തിക്കാൻ കഴിയില്ലെന്നും അതിനാൽ അത്തരത്തിൽ ഒരംഗീകാരവും വേണ്ടെന്നും പണ്ടേ അറിയിച്ചിട്ടുള്ളവരാണ് കേരള ക്രിക്കറ്റ് അസോസിയേഷൻ. അതിനാൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കു മേൽ സംസ്ഥാന സർക്കാരിന് ഒരു നിയന്ത്രണവുമില്ല.കഴിഞ്ഞ ദിവസം നടന്ന ഇന്ത്യ ശ്രീലങ്ക ഏകദിന മത്സരത്തിന് ഉയർന്ന ടിക്കറ്റ് നിരക്കാണ് നിശ്ചയിച്ചത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ അതു കുറയ്ക്കാൻ ബന്ധപ്പെട്ട ക്രിക്കറ്റ് അസോസിയേഷൻ ഭാരവാഹികളോട് ആവശ്യപ്പെട്ടതാണ്. എന്നാൽ, അനുകൂല നടപടി ഉണ്ടായില്ല. ഇക്കാര്യത്തിൽ പ്രതികരണം ആരാഞ്ഞ മാധ്യമങ്ങളോട്, പാവപ്പെട്ടവർ കളി കാണണ്ട എന്നാകും ക്രിക്കറ്റ് ഭാരവാഹികളുടെ നിലപാട്, എന്നു സൂചിപ്പിച്ച് മറുപടി പറഞ്ഞതിനെ പട്ടിണിക്കാർ കളി കാണണ്ട എന്നു മന്ത്രി പറഞ്ഞുവെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ചില എതിരാളികൾ സാമൂഹ്യമാധ്യമങ്ങളിലൂടെ ഇക്കാര്യം വികലമായി അവതരിപ്പിക്കുകയും ചെയ്തു. സർക്കാരിന്റെ വിനോദനികുതിയാണ് നിരക്ക് കൂടാൻ കാരണം എന്ന വാദവുമായി ക്രിക്കറ്റ് അധികാരികളും രംഗത്തു വന്നു. ങ്ങളിൽ കൊച്ചിയായിരുന്നു കേരളത്തിലെ അന്താരാഷ്ട്ര ക്രിക്കറ്റ് വേദി. കാര്യവട്ടത്ത് സർക്കാർ നല്ലൊരു സ്റ്റേഡിയം ഒരുക്കിയപ്പോൾ ക്രിക്കറ്റ് അധികാരികൾ കളി ഇങ്ങോട്ടു മാറ്റി. ഈ ക്രിക്കറ്റ് മൈതാനം അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധ നേടിയതും കാണികളുടെ നല്ല പ്രതികരണവും കൂടുതൽ മത്സരങ്ങൾ ഇവിടെ കൊണ്ടുവരാൻ ബി സി സി ഐയ്ക്ക് പ്രേരണയായി. കാര്യവട്ടത്ത് കളി നടക്കുമ്പോൾ നിയമപ്രകാരം വിനോദ നികുതി ഇനത്തിൽ 50 മുതൽ 24 ശതമാനം വരെ കോർപ്പറേഷന് നൽകണം. ഇത്തവണ അത് 12 ശതമാനമായി കുറച്ചു. ടിക്കറ്റ് നിരക്ക് കുറയാനും സാധാരണക്കാർക്ക് പ്രയാസമില്ലാതെ കാണാനും അവസരം ഒരുക്കുകയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്ദേശിച്ചത്. മുൻകാലങ്ങളിൽ വലിയ ഇടവേളകളിലാണ് കേരളത്തിൽ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരം നടന്നിരുന്നത്. അതിനാൽ അന്ന് നികുതി ഒഴിവാക്കുകയും വലിയ ഇളവ് അനുവദിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ 3 മാസത്തിനിടയിലാണ് അടുത്ത കളി നടന്നത്. ഒരു വർഷം തുടർച്ചയായി വലിയ ഇളവ് നൽകുക പ്രയാസമാണ്. ഇത്തരത്തിൽ നികുതികൾ ഒഴിവാക്കുന്നത് വലിയ ബാധ്യതയാകും. കളി നടക്കുമ്പോൾ സർക്കാർ സംവിധാനങ്ങൾ അഹോരാത്രം പണിയെടുക്കുകയുമാണ്. ക്രമസമാധാനം, ഗതാഗതം, ആരോഗ്യം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാർ കഠിനാദ്ധ്വാനമാണ് നടത്തുന്നത്. വൻകിട മെട്രോ നഗരങ്ങളിലെ സ്റ്റേഡിയങ്ങളിൽ ഈടാക്കുന്ന നിരക്കിനേക്കാൾ വളരെ കൂടതലാണ് ഗ്രീൻഫീൽഡിൽ നടക്കുന്ന കളികൾക്ക് ക്രിക്കറ്റ് അസോസിയേഷൻ നിശ്ചയിച്ചിരിക്കുന്നത്. ദിവസങ്ങൾക്ക് മുമ്പ് കൊൽക്കത്തയിൽ നടന്ന രണ്ടാം ഏകദിനത്തിന് 650 രൂപയാണ് കുറഞ്ഞ നിരക്ക്. അവിടെ മുഴുവൻ ടിക്കറ്റും വിറ്റുപോയി. കൂടുതൽ പേർ കാണാനാഗ്രഹിക്കുന്ന ടി20 മത്സരത്തിന് മുംബൈയിൽ 700 രൂപയായിരുന്നു. പുണെയിൽ 800 ഉം. ന്യൂസിലാന്റ് പോലെ ശക്തമായ ടീമനെതിരെ ഈ മാസം 18 ന് ഹൈദരാബാദിൽ നടക്കുന്ന ഏകദിനത്തിന് 850 രൂപയാണ് കുറഞ്ഞ നിരക്ക്.ഇക്കാര്യം സമ്മതിക്കാൻ പോലും കെ സി എ തയ്യാറല്ല. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം സൗജന്യമായി അനുവദിച്ചിട്ടും, വലിയ ടിക്കറ്റ് നിരക്ക് ഈടാക്കി കളി നടത്തുന്നവർ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പോലും കേരളത്തിലെ കായിക വികസനത്തിന് ചെലവഴിക്കുന്നില്ല എന്ന പരാതിയും പറഞ്ഞിരുന്നു. നമുക്ക് നാളെ നല്ല ക്രിക്കറ്റർമാരും മറ്റു താരങ്ങളും വേണമെങ്കിൽ നല്ല മൈതാനങ്ങളും മറ്റും വ്യാപകമാകണം. പാവപ്പെട്ടവർക്ക് ഇത്തരം പിന്തുണയില്ലെങ്കിൽ കായികരംഗത്ത് വളർന്നു വരാൻ കഴിയില്ല. കാര്യവട്ടത്ത് കളി കാണാൻ കാണികൾ വരാതിരുന്നത് മന്ത്രി കാരണം എന്നു പറഞ്ഞു പ്രചരിപ്പിക്കുന്നവർക്ക് നല്ല പ്രചാരം കൊടുക്കാൻ പല മാധ്യമങ്ങളും മത്സരിച്ചു. എന്നാൽ, നമ്മുടെ കായികമേഖലയ്ക്കും കളി ആസ്വാദകർക്കും ഈ കളിയും ഇതിലൂടെ ഉണ്ടാകുന്ന വരുമാനവും പ്രയോജനപ്പെടണം എന്നും ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും നടത്തിയ വാദങ്ങൾ എല്ലാവരും അവഗണിച്ചു. ഈ കാര്യങ്ങൾ വിശദമാക്കി മത്സരത്തിന് ദിവസങ്ങൾക്കു മുമ്പ് തന്നെ മാധ്യമങ്ങൾക്ക് പ്രസ്താവന നൽകിയിരുന്നു. അന്നും അധികമാരും ഗൗനിച്ചില്ല. പറഞ്ഞതിനെ ദുർവ്യാഖ്യാനിച്ച് വിവാദം കൊഴുപ്പിക്കാനായിരുന്നു തിടുക്കം. കാണികൾ കുറഞ്ഞതിന് പ്രധാന കാരണം സംഘാടകരുടെ പിടിപ്പുകേടാണ്. ഈ അബദ്ധം മനസ്സിലായപ്പോൾ ക്രിക്കറ്റ് അസോസിയേഷനും കുറ്റം മന്ത്രിക്കു മേൽ ചാരി തടിതപ്പാൻ നോക്കുകയാണ്. 3 മത്സരങ്ങളുടെ ഏകദിന പരമ്പരയാണ് ശ്രീലങ്കയുമായി കളിച്ചത്. ഇതിൽ ആദ്യ രണ്ട് കളികൾ ഇന്ത്യ ജയിച്ചതോടെ മൂന്നാം മത്സരം അപ്രസക്തമായി. അതോടെ കളി ആസ്വദിക്കുന്നവർക്ക് താൽപ്പര്യം കുറയും. നിലവിൽ ഐ സി സി റാങ്കിങ്ങിൽ ശ്രീലങ്ക എട്ടാമതാണ്. ഒരുകാലത്തെ ലോക ചാമ്പ്യന്മാരുടെ നിരയിൽ പേരു കേട്ട ഒരു കളിക്കാരൻ പോലും ഇന്നില്ല. അതുകൊണ്ട് തന്നെ ടീമിനോട് ആർക്കും വലിയ ആരാധനയില്ല. കാര്യവട്ടത്തെ മത്സരഫലം ടീമിന്റെ നിലവാരം ഒന്നുകൂടി തെളിയിച്ചു. ദുർബല എതിരാളികളായതിനാലും കാണികൾ കുറയും. ടി20 കാണുന്നതു പോലെ ഇപ്പോൾ ഏകദിനത്തിന് ആളു കൂടാറില്ല. അല്ലെങ്കിൽ അത്ര ആവേശകരമായ സാഹചര്യമായിരിക്കണം. കടുത്ത വെയിലും ചൂടും മറ്റൊരു കാരണമായി. ഇതെല്ലാം മറച്ചുവെച്ച്, മന്ത്രിക്കു നേരെ ആക്ഷേപവുമായി വരുന്നവരുടെ ലക്ഷ്യം വ്യക്തമാണ്. കാര്യവട്ടത്ത് കളി കാണാൻ ആളു കയറാതിരുന്നതിന് സർക്കാരിനെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നവർ യഥാർത്ഥ പ്രതികളെ വെള്ളപൂശാൻ കാണിക്കുന്ന തിടുക്കം കാണുമ്പോൾ എന്തോ ഒരു പന്തികേടും തോന്നുന്നു. കളിയും കളിക്കാരും കാണികളുമാണ് പ്രധാനം. അവർക്കു വേണ്ടിയാണ് ഈ ഗവൺമെന്റ് നിലകൊള്ളുന്നത്. വസ്തുതകൾ ജനങ്ങൾക്കു മുന്നിലുണ്ട്. അവർ തീരുമാനിക്കട്ടെ



# യു.എസിൽ തീവ്രവ്യാപനത്തിന് കാരണമായ കോവിഡ് വകഭേദം ഇന്ത്യയിലും വർധിക്കുന്നു; കേസുകൾ 26 ആയി

ന്യൂഡൽഹി: അമേരിക്കയിൽ തീവ്രവ്യാപനത്തിന് കാരണമായ തഅ്വ്വ.1.5 വകഭേദം ഇന്ത്യയിൽ വർധിക്കുന്നു. നിലവിൽ 26 കേസുകളാണ് രാജ്യത്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ലബോറട്ടറികളുടെ കൺസോർഷ്യമായ ഇൻസാകോഗ് (ഇന്ത്യൻ സാർസ്-കോവ്-2 ജീനോമിക്സ് കൺസോർഷ്യം) ആണ് ഇതുസംബന്ധിച്ച കണക്ക് പുറത്തുവിട്ടിരിക്കുന്നത്. 11 സംസ്ഥാനങ്ങളിൽ പുതിയ വകഭേദം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് ഇൻസാകോഗ് പുറത്തുവിട്ട ഡാറ്റയിലുള്ളത് . അമേരിക്കയിൽ 44 ശതമാനത്തോളം കോവിഡ് കേസുകൾക്കും പിന്നിൽ തഅ്വ്വ.1.5 ആണ്. ചൈനയിലെ വ്യാപനത്തിന് കാരണമായ ആഎ.7 വകഭേദം രാജ്യത്ത് 14 എന്ന സംഖ്യയിലേക്ക് ഉയർന്നുവെന്നും ഡാറ്റയിലുണ്ട്. പശ്ചിമബംഗാളിൽ നാലും മഹാരാഷ്ട്രയിൽ മൂന്നും ഹരിയാണയിലും ഗുജറാത്തിലും രണ്ടുവീതവും ഒഡീഷയിലും ഡൽഹിയിലും കർണാടകയിലും ഓരോന്നുവീതവുമാണ് ആഎ.7 വകഭേദം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഒമിക്രോണിന്റെതന്നെ ബി.ജെ.1, ബി.എ.2.75 ഉപവിഭാഗങ്ങൾ ചേർന്നുള്ള എക്സ്.ബി.ബി. വകഭേദത്തിന്റെ ഉപവകഭേദമാണ് എക്സ്.ബി.ബി.–1.5. കോവിഡ് വകഭേദങ്ങളിൽ ഏറ്റവും രോഗവ്യാപനശേഷിയുള്ള ഇത് ഓഗസ്റ്റിൽ സിങ്കപ്പൂരിലാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, പനി, തളർച്ച, തലവേദന, വയറിളക്കം, ഛർദി എന്നിവയാണ് ലക്ഷണങ്ങൾ. അമേരിക്ക, യു.കെ., ബെൽജിയം, ജർമനി, ഫ്രാൻസ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നേരത്തേ ബി.എഫ്.7 വകഭേദം റിപ്പോർട്ട് ചെയ്തിരുന്നു. കടുത്ത തൊണ്ടവേദന, മൂക്കൊലിപ്പ്, ശരീരവേദന, കടുത്തപനി തുടങ്ങിയവയെല്ലാം ബി.എഫ്–7 വകഭേദത്തിൽ കൂടുതൽ കാണുന്നുണ്ടെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത് ലോകം ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും അപകടകാരിയായ കോവിഡ് വകഭേദം എക്സ്.ബി. ബി.യാണെന്ന് മിനസോട്ട സർവകലാശാലയിലെ പകർച്ചവ്യാധിവിദഗ്ധനായ ഡോ. മൈക്കൽ ഓസ്റ്റർഹോം നേരത്തേ പറഞ്ഞിരുന്നു.



# കടുവ ആക്രമണം: മുഖ്യമന്ത്രിയേയും രാഹുലിനെയും വിമർശിച്ച് കേന്ദ്രമന്ത്രി മുരളീധരൻ

**ന്യൂഡൽഹി:** മുഖ്യമന്ത്രി പിണറായി വിജയനും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കും രൂക്ഷ വിമർശനവുമായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ. വയനാട്ടിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കർഷകൻ തോമസിന്റെ മകൾ സോനയുടെ ചോദ്യങ്ങൾക്ക് ഭരണപക്ഷത്തിന് മറുപടി ഉണ്ടോ എന്ന് കേന്ദ്രമന്ത്രി ചോദിച്ചു. ആരോഗ്യരംഗത്തെ കേരള മോഡലിനെ പുകഴ്ത്താൻ മൽസരിക്കുന്ന മുഖ്യമന്ത്രിയും വയനാട് എംപി രാഹുൽ ഗാന്ധിക്കും ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് മാറാനാകില്ല. വന്യജീവി ആക്രമണം തടയാൻ കഴിഞ്ഞ എട്ടുവർഷത്തിനിടെ കേന്ദ്രസർക്കാർ അനുവദിച്ച 77 കോടിയിൽ 35 കോടിയും ഇക്കൂട്ടർ പാഴാക്കി എന്നത് കേരളം അറിയണം എന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.




# കാര്യവട്ടത്തെ ഒഴിഞ്ഞ ഗ്യാലറി; കായിക മന്ത്രിക്കെതിരെ വിമർശനവുമായി സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ

**തിരുവനന്തപുരം:** കാര്യവട്ടം ഇന്ത്യ-ശ്രീലങ്ക ഏകദിന മത്സരത്തിൽ സ്റ്റേഡിയത്തിൽ കാണികൾ കുറഞ്ഞ സംഭവത്തിൽ കായിക മന്ത്രിക്കെതിരെ സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ.മന്ത്രി അബ്ദുറഹ്മാന്റെ പരാമർശം വരുത്തിവെച്ച വിന കഴിഞ്ഞ ദിവസം നേരിൽ കണ്ടെന്ന് പറഞ്ഞ പന്ന്യൻ, ഈ അവസ്ഥ പരിതാപകരമാണെന്നും പ്രതികരിച്ചു.മന്ത്രിയുടെ പരാമർശം കെസിഎയ്ക്ക് മാത്രമല്ല സർക്കാരിന് കൂടിയാണ് നഷ്ടം വരുത്തിവെച്ചതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്റർനാഷണൽ മത്സരങ്ങൾ ഇവിടെ നിന്നും മാറിപ്പോയാൽ നഷ്ടം കായിക പ്രേമികൾക്ക് കൂടിയാണെന്നും സിപിഐ നേതാവ് കൂട്ടിച്ചേർത്തു.പട്ടിണിപ്പാവങ്ങൾ കളി കാണാൻ വരേണ്ടെന്ന മന്ത്രിയുടെ പ്രസ്താവന തിരിച്ചടിയായെന്നാണ് കെസിഎയുടേയും അഭിപ്രായം. കെസിഎ പ്രസിഡന്റ് ജയേഷ് ജോർജ് ഇത് പരസ്യമായി സമ്മതിച്ചിരുന്നു. കളികാണാൻ എത്താതിരുന്നതിൽ നഷ്ടം ആരാധകർക്കാണെന്നായിരുന്നു അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ബിനീഷ് കോടിയേരിയുടെ പ്രതികരണം.40,000 പേർ കൊള്ളുന്ന സ്റ്റേഡിയത്തിൽ ആകെ എത്തിയത് 6000 താഴെ കാണികൾ മാത്രമാണ്. ഇതിൽ ആശ്ചര്യം പ്രകടിപ്പിച്ച് മുൻ ഇന്ത്യൻ താരം യുവരാജ് സിംഗ് അടക്കമുള്ളവർ രംഗത്തെത്തിയിരുന്നു.



# മരണ സമയത്ത് നയന ധരിച്ചിരുന്ന വസ്ത്രങ്ങൾ കാണാനില്ല; ഫൊറൻസിക് പരിശോധനക്ക് അയച്ച രേഖകളും സ്റ്റേഷനില്ല



**തിരുവനന്തപുരം:** യുവസംവിധായിക നയന സൂര്യൻ മരണ സമയത്ത് ധരിച്ചിരുന്ന വസ്ത്രങ്ങൾ കാണാനില്ല. ക്രൈംബ്രാഞ്ച് ആവശ്യപ്രകാരം മ്യൂസിയം സ്റ്റേഷനിൽ നടത്തിയ പരിശോധനയിൽ വസ്ത്രങ്ങൾ കണ്ടെത്തിയില്ല.നയനയുടെ ചുരിദാർ, അടിവസ്ത്രം, തലയണ ഉറ, പുതപ്പ് എന്നിവയാണ് കാണാതായത്.ഇവ ആർഡിഒ കോടതി മ്യൂസിയം പൊലീസിനെ സൂക്ഷിക്കാൻ കൈമാറിയിരുന്നു. ഇവയെല്ലാം ഫൊറൻസിക് ലാബിലുണ്ടോയെന്ന് അന്വേഷിച്ച് ക്രൈംബ്രാഞ്ച് കത്ത് നൽകും. ഫൊറൻസിക് പരിശോധനക്കയച്ച രേഖകളും സ്റ്റേഷനില്ല. നയനയുടെ മരണത്തിൽ ലോക്കൽ പൊലീസിന് ഗുരുതര വീഴ്ച സംഭവിച്ചെന്ന് നേരത്തെ വിശദപരിശോധന നടത്തിയ ഡിസിആർബി അസിസ്റ്റന്റ് കമ്മീഷണർ ഡിജിപിക്ക് റിപ്പോർട്ട് നൽകിയിരുന്നു.2019 ഫെബ്രുവരി 23 ന് രാത്രിയാണ് തിരുവനന്തപുരം ആൽത്തറ ജംഗ്ഷനിലെ വാടക വീട്ടിൽ നയനയെ മരിച്ച നിലയിൽ കണ്ടെത്തിയത്. കഴുത്തിനേറ്റ പരിക്കാണ് മരണ കാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്തുവന്നതോടെയാണ് സംഭവത്തിൽ ദുരൂഹത കൂടിയത്. ഒപ്പം താമസിച്ചിരുന്ന സ്ത്രീയെ കുറിച്ച് അന്വേഷിച്ചില്ല. ഫോൺ രേഖകൾ അടക്കം പരിശോധിച്ചില്ലെന്നും ഡിസിആർബി അസി. കമ്മീഷണർ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.

# റബർ ടാപ്പിംഗ് മാന്ദ്യം തുടരുന്നു; നാളികേര വിലയിൽ മാറ്റമില്ല

റബർ ഉത്പാദന രാജ്യങ്ങൾ ഷീറ്റ് വിലയിൽ തിരിച്ച് വരവ് പ്രതീക്ഷിക്കുന്നു, ടയർ കമ്പനികൾ അസംസ്കൃത റബറിനായി വൈകാതെ രംഗത്ത് അണി നിരക്കും.വെളിച്ചെണ്ണ വില്പന പ്രോസാഹിപ്പിക്കാൻ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ട സന്ദർഭം അതിക്രമിച്ചു. ബ്രസീലിയൻ കലാപം അന്താരാഷ്ട്ര കുരുമുളക് വില ഉയർത്താം.ചൈനീസ് വ്യവസായികൾ ഫെബ്രുവരിയിൽ രാജ്യാന്തര റബറിൽ താൽപര്യം കാണിക്കുമെന്ന് സൂചന. ബീജിംഗിൽ റബർ സ്റ്റോക്ക് കുറവായതിനാൽ വൻകിട ടയർ കമ്പനികളുടെ തിരിച്ച് വരവ് വ്യാപാര രംഗത്ത് ഉത്സവ പ്രതീതി ജനിപ്പിക്കുമെന്നാണ് മുഖ്യ കയറ്റുമതി രാജ്യങ്ങളുടെ കണക്ക് കൂട്ടൽ. സ്റ്റോക്ക് താഴ്ന്ന വിലയ്ക്ക് ഷിപ്മെന്റ് നടത്തുന്നതിൽ അവർ അനുവർത്തിക്കുന്ന നിയന്ത്രണം വരുന്ന രണ്ട് മാസങ്ങളിൽ തുടരാനായാൽ റെഡി വിപണിയുടെ തിരിച്ചു വരവിന് ഒരു മുഴംമുന്നേ ഓപ്പറേറ്റർമാർ അവധിയിൽ പടിമുറുക്കാം. ആഗോള തലത്തിൽ ഷീറ്റ് വില താഴ്ന്നതിനാൽ ടാപ്പിംഗ് രംഗത്ത് മാന്ദ്യം തുടരുന്നു.പോയ വർഷം റബർ വില 28 ശതമാനം ഇടിഞ്ഞതിനാൽ ഈ വർഷം തിരിച്ച് വരവ് നടത്താം. ജനുവരി ആദ്യപകുതിയിൽ അന്താരാഷ്ട്ര റബർ വില ഒരു മാസത്തെ ഉയർന്ന തലത്തിലാണ്. ചൈനീസ് ന്യൂ ഇയർ ആഘോഷങ്ങൾക്ക് ശേഷം മാസാവസാനം ടയർ കമ്പനികൾ രാജ്യാന്തര മാർക്കറ്റിലെത്തുന്നതോടെ ഒരു പോസിറ്റീവ് വൈബ് ടോക്കോമിലും സിക്കോമിലും മാത്രമല്ല ചൈനീസ് മാർക്കറ്റിലും ഉടലെടുക്കാം. ഈ അവസരത്തെയാണ് തായ്‌ലൻഡ്, ഇന്തോനേഷ്യൻ, മലേഷ്യൻ മാർക്കറ്റുകൾ ഉറ്റനോക്കുന്നത്. റബർ അവധി വിലകൾ 205-223 യെന്നിലാണ് നീങ്ങുന്നത്.സംസ്ഥാനത്ത് നാലാം ഗ്രേഡ് റബർ വില 100 രൂപ ഉയർന്ന് 13,900 രൂപയായി. അഞ്ചാം ഗ്രേഡ് 13,200-13,700 രൂപയിൽ വ്യാപാരം നടന്നു. 8500 റേഞ്ചിൽ നിന്നും ഒട്ടുപാൽ 9300 ലേയ്ക്ക് കയറിയെങ്കിലും വ്യവസായികൾക്ക് ആവശ്യാനുസരണം ചരക്ക് ശേഖരിക്കാനായില്ല. വില വീണ്ടും ഉയരുമെന്നാണ് വ്യാപാരികളുടെ പക്ഷം. ലാറ്റക്സ് 8900 രുപയിലാണ്. ഒട്ടുമിക്ക ഭാഗങ്ങളിലും ടാപ്പിംഗ് മന്ദഗതിയിലായതിനാൽ കൊച്ചിയിലും കോട്ടയത്തും കുറഞ്ഞ അളവിലാണ് റബർ വില്പനയ്ക്ക് എത്തുന്നത്.നാളികേരോൽപ്പന്നങ്ങളുടെ വില സ്റ്റെഡി. കൊച്ചിയിൽ മുന്നാം വാരം വെളിച്ചെണ്ണ 13,900 ലും കൊപ്ര 8600 രൂപയിലും സ്റ്റെഡി. വിപണിയിലെ ഈ നിശ്ചലാവസ്ഥ കുതിപ്പിനുള്ള തയാറെടുപ്പായി വിലയിരുത്താനാവില്ല. വിളവെടുപ്പ് വേളയായതിനാൽ നിരക്ക് ഇടിയുമെന്ന ഭീതിയിലാണ് ഒരു വിഭാഗം കർഷകർ. പല ഭാഗങ്ങളിലും വിളവെടുപ്പ് പുരോഗമിച്ചെങ്കിലും പച്ചത്തേങ്ങ വരവ് ശക്തമല്ല, അതായത് ഉല്പന്നം



കൊപ്രയാക്കാൻ നീക്കം ഗ്രാമീണ മേഖലകളിൽ നടക്കുന്നതായി വേണം വിലയിരുത്താൻ.മില്ലുകാർ ശേഖരിക്കുന്ന കൊപ്ര എണ്ണയാക്കുമ്പോൾ അവരുടെ കണക്ക് കൂട്ടലിന് ഒത്ത് വെളിച്ചെണ്ണ വിറ്റഴിയുന്നില്ല. പുതിയ വിപണികൾ കണ്ടെത്താൻ സംസ്ഥാന സർക്കാർ മുൻ കൈയെടുത്താൽ മാത്രമേ സമ്പദ്ഘടനയുടെ നട്ടെല്ലായ നാളികേരവും നാളികേര കർഷകരും നിവർന്ന് നിൽക്കാനുള്ള സാഹചര്യം ഒരുക്കാനാവു. വിദേശ പാചകയെണ്ണ പ്രവാഹം തുടരുന്ന പശ്ചാത്തലത്തിൽ കർഷകരെയും കൊപ്രയാട്ട് വ്യവസായത്തെയും രക്ഷിക്കണമെങ്കിൽ ഉണർന്ന് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചു. ഉറക്കം നടിച്ച് നിൽക്കുന്ന കൃഷി വകുപ്പ് ആലസ്യംവിട്ടുണർന്നാലെ സ്ഥിതിഗതികളിൽ മാറ്റമുണ്ടാവു.അന്താരാഷ്ട്ര കുരുമുളക് വിപണിയിൽ വിലക്കയറ്റത്തിന് സാധ്യത ഉരുത്തിരിയുന്നു. ആഭ്യന്തര കലാപം മൂലം ബ്രസീലിൽ നിന്നുള്ള ഷിപ്പ്മെൻറുകൾക്ക് നേരിട്ട തടസം കുരുമുളകിനെ ബാധിച്ചതായാണ് സൂചന. യുറോപ്പിലേക്കും അമേരിക്കയിലേക്കും മാത്രമല്ല, ഇന്ത്യയിലേക്കുള്ള കണ്ടെയ്നറുകളുടെ നീക്കവും തടസപ്പെട്ടന്നാണ് വിവരം.ജനകീയ പ്രക്ഷോപങ്ങൾ തുടുരുന്നത് കണക്കിലെടുത്താൽ ഷിപ്പ്മെൻറുകൾ വൈകുമെന്നത് ഇറക്കുമതി രാജ്യങ്ങളിൽ വിലക്കയറ്റം സൃഷ്ടിക്കാം. ഈസ്റ്റർ വരെയുള്ള ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് പലരും ജനുവരി ഷിപ്പ്മെൻറുകൾക്ക് കരാറുകൾ ഉറപ്പിച്ചിട്ടുള്ളത്. രാജ്യാന്തര ലഭ്യത ചുരുങ്ങുമെന്നത് ഇതര ഉത്പാദകരെ ക്വട്ടേഷൻ നിരക്ക് ഉയർത്താൻ പ്രേരിപ്പിക്കാം. ബ്രസീലിയൻ കുരുമുളക് വില ടണ്ണിന് 3000 ഡോളറാണ്. ഇന്ത്യൻ നിരക്ക് 6500 ഡോളർ.കാർഷിക മേഖലയിൽ മുളക് വിളവെടുപ്പ് തുടങ്ങിയെങ്കിലും പുതിയ ചരക്ക് വരവ് നാമമാത്രം. വിളവെടുത്ത മുളക് സംസ്കരിക്കുന്ന തിരക്കിലാണ് ഉത്പാദകർ. മാസാവസാനം ഉണക്ക് കൂടി ചരക്ക് വിൽപ്പനയ്ക്ക് എത്തുമെന്ന കണക്ക് കൂട്ടലിലാണ് അന്തർസംസ്ഥാന വ്യാപാരികൾ. കൊച്ചിയിൽ അൺഗാർബിൾഡ് കുരുമുളക് 49,100 രൂപയിലും ഗാർബിൾഡ് 51,100 രൂപയിലുമാണ്.ഏലക്ക സീസൺ അവസാനഘട്ടത്തിലും കർഷകരെ അമ്പരപ്പിച്ച് കനത്തതോതിൽ ചരക്ക് ലേല കേന്ദ്രങ്ങളിലേയ്ക്ക് പ്രവഹിക്കുന്നു. പിന്നിട്ടവാരം ലേലത്തിനുള്ള ഏറ്റവും കുറഞ്ഞ വരവ് 36,515 കിലോയും ഉയർന്ന വരവ് 96,171 കിലോയുമാണ്.ഫെബ്രുവരി-സെപ്റ്റംബറിൽ ലേലത്തിൽ ചരക്ക് വരവിനെ ആശ്രയിച്ചാവും വിലയിലെ ചാഞ്ചാട്ടം. നടപ്പ് സീസണിൽ എത്ര ടൺ ഏലക്ക ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമായ കണക്ക് നിരത്താൻ സ്പൈസസ് ബോർഡിനാവാത്ത കാലം വിപണിനിയന്ത്രണം വാങ്ങലുകാരുടെ കൈപ്പിടിയിൽത്തന്നെയാവും. കീടനാശിനി പ്രശ്നം തലഉയർത്തിയിട്ടും കർഷകർക്കായി ശബ്ദിക്കാനുള്ള ബാധ്യത പോലും കേന്ദ്ര ഏജൻസിയുടെ തലപ്പത്തിരിക്കുന്ന തമ്പ്രാക്കൻമാർക്കുണ്ടായില്ല. കീടമോ, കീടനാശിനിയോ തങ്ങളെ ബാധിക്കില്ലെന്ന നിലപാടിൽ അവർ മൗനം പാലിക്കുകയാണ്.



# തിരുവനന്തപുരത്തെ തീരശോഷണം വിഴിഞ്ഞം തുറമുഖ പദ്ധതി കാരണമല്ലെന്ന് റിപ്പോർട്ട്


**തിരുവനന്തപുരം:** വലിയതുറ, ശംഖുംമുഖം തുടങ്ങി തിരുവനന്തപുരം തീരദേശത്തെ കടലേറ്റത്തിനും തീരശോഷണത്തിനും വിഴിഞ്ഞം തുറമുഖനിർമാണം കാരണമാകുന്നില്ലെന്ന് പഠനറിപ്പോർട്ട്.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ട്കോനളജി (എൻഐഒടി) പുറത്തിറക്കിയ ധവളപത്രത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശിച്ച വിദഗ്ധ സമിതിയുടെ നിർദേശപ്രകാരമാണ് ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി പഠനം നടത്തിയത്. വിഴിഞ്ഞം തുറമുഖനിർമാണം നടക്കുന്നത് മുട്ടം-കോവളം സെഡിമെന്റൽ സെൽ മേഖലയിലാണ്. ഇവിടെ എന്തെങ്കിലും പാരിസ്ഥിതികാഘാതമുണ്ടായാൽ ഇതിനു പുറത്തുള്ള മേഖലയിലേക്കു വ്യാപിക്കില്ലെന്നു പഠനം പറയുന്നു. മുൻപില്ലാത്ത വിധം തെക്കൻതീരത്ത് വലിയ ചുഴലിക്കാറ്റുകളുടെ സ്വാധീനമുണ്ടാകുന്നതാണ് തീരശോഷണത്തിനു പ്രധാന കാരണമായി പഠനം കണ്ടെത്തിയിരിക്കുന്നത്.കൂടാതെ ഓഖിക്കു ശേഷം തീരപുനർനിർമാണം ഈ ഭാഗങ്ങളിൽ നടക്കുന്നില്ലെന്നും കണ്ടെത്തലുണ്ട്. വലിയതുറ, ശംഖുംമുഖം തീരങ്ങൾ വിഴിഞ്ഞം തുറമുഖനിർമാണ കേന്ദ്രത്തിൽനിന്ന് പതിനഞ്ച് കിലോമീറ്റർ ദൂരം അകലെയാണ്. അതുകൊണ്ടുതന്നെ തുറമുഖനിർമാണ മേഖലയിലുണ്ടാകുന്ന പാരിസ്ഥിതികാഘാതങ്ങൾ വലിയതുറ, ശംഖുംമുഖം പ്രദേശങ്ങളിൽ ബാധിക്കില്ല.തുറമുഖം വരുന്നതിനു മുന്നെയും വലിയതുറ, ശംഖുംമുഖം, പൂന്തുറ മേഖലകളിൽ തീരശോഷണമുണ്ടായതായി പഠനങ്ങളിൽനിന്നു വ്യക്തമാണ്. ഓഖിക്കു ശേഷം നല്ല കാലാവസ്ഥയുള്ളപ്പോഴും തീരപുനർനിർമാണം സാധ്യമല്ലെന്നാണ് കണ്ടെത്തൽ.വിവിധ ഏജൻസികൾ പല കാലങ്ങളിൽ നടത്തിയ പഠനങ്ങളും മറ്റും വിശദമായി വിലയിരുത്തിയ ശേഷമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ കരട് വിദഗ്ധ സമിതിക്കും ബന്ധപ്പെട്ട ഏജൻസികൾക്കും കൈമാറി. അന്തിമ ധവളപത്രം ഒരാഴ്ചക്കകം നൽകും.

# ആര്യങ്കാവിൽ ക്ഷീരവികസന വകുപ്പ് പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കണ്ടെത്താനായില്ല



**കൊല്ലം :** ആര്യങ്കാവിൽ മായം ചേർത്ത പാൽ ക്ഷീരവികസന വകുപ്പ് പിടികൂടിയ സംഭവത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡ് കണ്ടെത്താനായില്ല.പാലിൽ കൊഴുപ്പിൻറെ കുറവ് മാത്രമാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന് കണ്ടെത്താനായത്. 15300 ലിറ്റർ പാലുമായി വന്ന ടാങ്കർലോറി അഞ്ചു ദിവസമായി പൊലീസ് സ്റ്റേഷനിലാണുള്ളത്. ജനുവരി 11നാണ് തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവന്ന പാൽ ടാങ്കർലോറി ക്ഷീര വികസന വകുപ്പ് പിടികൂടിയത്.അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും മായം കലർത്തിയ പാൽ കേരളത്തിലേക്ക് കടത്തുന്നെന്ന രഹസ്യവിവരം ലഭിച്ചതിനെ തുടർന്നാണ് ക്ഷീരവികസന വകുപ്പ് പരിശോധന നടത്തിയത്. ലോറിയിൽ കൊണ്ടുവന്ന 15,300 ലിറ്റർ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം കണ്ടെത്തിയെന്നായിരുന്നു ആദ്യത്തെ റിപ്പോർട്ടുകൾ. പന്തളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അഗ്രിസോഫ്റ്റ് ഡയറി ഫാമിലേക്ക് എത്തിച്ചതാണ് പാലെന്നു ലോറി ഡ്രൈവർ വിശദമാക്കിയത്. നേരത്തെ സാംപിൾ വൈകി ശേഖരിച്ചു പരിശോധിച്ചതിനാൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ കഴിയുമോയെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി സംശയം പ്രകടിപ്പിച്ചിരുന്നു.പുലർച്ചെ അഞ്ചരയ്ക്കാണ് ക്ഷീരവികസന വകുപ്പ് ആര്യങ്കാവ് ചെക്പോസ്റ്റിൽ വച്ച് തമിഴ്നാട്ടിൽ നിന്നും വന്ന ലോറി പിടികൂടിയത്. പ്രാഥമിക പരിശോധനയിൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു. എന്നാൽ നടപടി സ്വീകരിക്കാൻ അധികാരമില്ലാത്തതിനാൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ ആരോഗ്യവകുപ്പിനെ അറിയിച്ചു. എന്നാൽ നാല് മണിക്കൂറിന് ശേഷമാണ് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയത്. ഇതിന് ശേഷമാണ് സാംപിൾ ശേഖരിച്ച് തിരുവനന്തപുരത്തെ ലാബിലേക്ക് അയച്ചത്.

# ശബരിമല സന്നിധാനത്ത് അയ്യപ്പൻമാരോട് മോശമായി പെരുമാറിയ ജീവനക്കാരനെ മാറ്റി



**പത്തനംതിട്ട:** ശബരിമല സോപാനത്ത് ദർശനം നടത്തുന്നതിനിടെ അയ്യപ്പന്മാരെ പിടിച്ചുതള്ളിയ ദേവസ്വം ബോർഡ് ജീവനക്കാരനെ ജോലിയിൽ നിന്നുമാറ്റി.തിരുവനന്തപുരം സ്വദേശി വാച്ചർ അരുണിനെയാണ് ജോലിയിൽ നിന്ന് മാറ്റിയത്.മകരവിളക്ക് ദിവസമായിരുന്നു വിവാദമായ സംഭവം. സോപാനത്ത് ആദ്യത്തെ വരിയിൽ നിന്ന് ദർശനം നടത്തിയവരെയാണ് ഇയാൾ പിടിച്ചുതള്ളിയത്. ഇതിന്റെ ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വലിയ തോതിൽ പ്രചരിച്ചിരുന്നു.ഇതേതുടർന്നാണ് ദേവസ്വം ബോർഡ് നടപടിയെടുത്തത്. തിരുവാഭരണം ചാർത്തിയുള്ള അയ്യപ്പനെ കാണാൻ വരി നിന്ന ഭക്തരെയാണ് ഇയാൾ ബലമായി തള്ളിമാറ്റിയത്.

# മോദിക്ക് കേരളത്തിൽ 36 ശതമാനം ജനപിന്തുണ; ഏഴു മണ്ഡലങ്ങൾ സ്വന്തമാക്കുമെന്ന് ബി.ജെ.പി

2024ലെ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഏഴ് മണ്ഡലങ്ങൾ സ്വന്തമാക്കാനൊരുങ്ങുകയാണ് ബി.ജെ.പി. ഇതിന്റെ മുന്നോടിയായി ബി.ജെ.പി നടത്തിയ സർവേ പ്രകാരം കേരളത്തിൽ 36 ശതമാനം ജനപിന്തുണ നരേന്ദ്രമോദിക്കുണ്ടെന്നാണ് പറയുന്നത്.കഴിഞ്ഞ കുറച്ച് കാലമായി ബി.ജെ.പി കേരളഘടകത്തിലെ വിഭാഗീയത നേതൃതലത്തിൽ വൻ അഴിച്ചുപണിക്ക് സാധ്യതയുണ്ടെന്ന് പ്രചാരണമുണ്ടായിരുന്നു. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനെതിരെയുള്ള വിഭാഗം വലിയമാറ്റം സ്വപ്നം കണ്ടിരുന്നു. എന്നാൽ, പുതിയ സാഹചര്യത്തിൽ ഇത്തരം മാറ്റം ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നാണ് കേന്ദ്ര നേതൃത്വത്തിന്റെ വിലയിരുത്തൽ. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി പ്രകാശ് ജാവദേക്കർ തന്നെ നേതൃമാറ്റമെന്ന പ്രചാരണം യു.ഡി.എഫിന്റെ സി.പി.എമ്മും നടത്തുന്നതാണെന്ന് കുറ്റപ്പെടുത്തി രംഗത്തെത്തിയത്.കേരളത്തിൽ ഇരുമുന്നണികളിൽ കേന്ദ്രീകരിച്ച രാഷ്ട്രീയമാണ് നിലവിലുള്ളതെന്ന് പ്രകാശ് ജാവദേക്കർ പറയുന്നു. രണ്ട് മുന്നണികളും നിഴൽ യുദ്ധമാണ് നടത്തുന്നത്. രണ്ടും തമ്മിൽ ഒരു വ്യത്യാസവുമില്ല. ത്രിപുരയിലടക്കം അവർ ഒന്നിച്ചാണ് മത്സരിക്കുന്നത്. ബംഗാളിലും യഥാർത്ഥത്തിൽ സഖ്യമാണ്. അവസാന നിമിഷം അവർ വോട്ടുകൾ മമതയ്ക്ക് മറിച്ചു നൽകി. നയമസഭയ്ക്ക് അകത്തും പുറത്തും അവർ എല്ലായ്പോഴും ഒരുമിച്ചാണ്. ഇരുമുന്നണികളുടെയും നിഴൽ യുദ്ധം ബിജെപി തുറന്നുകാട്ടും. എൽഡിഎഫ് സർക്കാർ എന്നത് കള്ളക്കടത്ത്, മദ്യം, ലോട്ടറി, അഴിമതി, കുറ്റകൃത്യങ്ങൾ, സ്വജനപക്ഷപാതം എന്നിവയുടെ പിടിയിലാണ്. ജനങ്ങൾ തങ്ങൾ വഞ്ചിക്കപ്പെട്ടുവെന്ന് വൈകാതെ തിരിച്ചറിയുമെന്നും പ്രകാശ് ജാവദേക്കർ പറഞ്ഞു. കേരളത്തിൽ മത്സരിക്കാനിടയുള്ള സ്ഥാനാർഥിമാരെ കുറിച്ചുള്ള ചർച്ചകൾ നടക്കട്ടെ. എല്ലാം സ്വാഗതം ചെയ്യുന്നു. നിലവിലുള്ള നേതൃത്വം തന്നെ തെരഞ്ഞെടുപ്പിനെ നേരിടുമെന്നും പ്രകാശ് ജാവദേക്കർ ആവർത്തിക്കുന്നു.

# പെരിന്തൽമണ്ണ നിയമസഭാ തെരഞ്ഞെടുപ്പിലെ കാണാതായ വോട്ടുപെട്ടി കണ്ടെത്തി



പെരിന്തൽമണ്ണ നിയമസഭാ തെരഞ്ഞെടുപ്പിലെ കാണാതായ വോട്ടുപെട്ടി കണ്ടെത്തി. ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ മലപ്പുറത്തെ ഓഫീസിൽ നിന്നാണ് പെട്ടി കണ്ടെത്തിയത്. നേരത്തെ ട്രഷറിയിൽ പരിശോധിച്ചെങ്കിലും കണ്ടെത്താനായിരുന്നില്ല. തെരഞ്ഞെടുപ്പ് കേസുമായി ബന്ധപ്പെട്ട് തപാൽ വോട്ടുകളടങ്ങിയ പെട്ടി ഹൈക്കോടതിയിലേക്ക് മാറ്റാൻ ഒരുങ്ങുന്നതിനിടെയാണ് മൂന്ന് പെട്ടികളിൽ ഒന്ന് കാണാതെ പോയത്. രാവിലെ മുതൽ നടത്തിയ തെരച്ചലിനൊടുവിലാണ് പെട്ടി കണ്ടെത്തിയത്. എങ്ങനെയാണെന്ന് സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ പെട്ടിയെത്തിയതെന്ന കാര്യത്തിൽ ദുരൂഹത തുടരുകയാണ്.2021 ഏപ്രിൽ ആറിന് നടന്ന തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥി നജീബ് കാന്തപുരം 38 വോട്ടിനാണ് വിജയിച്ചത്. വിജയം ചോദ്യംചെയ്ത് എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർഥി കെപിഎം മുസ്തഫ ഹൈക്കോടതിയിൽ ഹർജി നൽകിയത്.




special-news

# മലയാളികൾക്ക് ആശ്വാസം; യുഎഇയിൽ നിന്നും കേരളത്തിലേക്കുള്ള വിമാന ടിക്കറ്റ് നിരക്കുകൾ കുറച്ചു



യുഎയിൽ ഇനി തണുപ്പ് കാലമാണ്. ശൈത്യകാല സീസൺ ആരംഭിച്ചതോടെ വിമാന ടിക്കറ്റിലും മാറ്റങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്.പ്രവാസി മലയാളികൾക്ക് ഏറെ ആശ്വാസമായി മാറിയിരിക്കുകയാണ് ടിക്കറ്റ് നിരക്ക് കുറച്ചുകൊണ്ടുള്ള അറിയിപ്പ്. പുതിയ ഷെഡ്യൂളിൽ എയർ ഇന്ത്യ എക്സ്പ്രസ് കേരളത്തിലേക്കുള്ള എല്ലാ സർവീസുകളിലും നിരക്ക് കുറച്ചിട്ടുണ്ട്. എന്നാൽ കൊച്ചി, കണ്ണൂർ എന്നിവിടങ്ങളെ അപേക്ഷിച്ച് മസ്കറ്റ്-കോഴിക്കോട് സെക്ടറിൽ ടിക്കറ്റ് നിരക്ക് കൂടുതൽ ആണ്. ടിക്കറ്റ് നിരക്കുകൾ കുറഞ്ഞതോടെ വലിയ ആശ്വാസത്തിലാണ് മലയാളികൾ ഉൾപ്പെടെയുള്ളവർ. ചെറിയ വരുമാനത്തിൽ ജോലി ചെയ്യുന്ന നിരവധി പേർ നാട്ടിൽ വരാൻ വേണ്ടി ടിക്കറ്റ് നിരക്ക് കുറയാൻ കാത്തിരിക്കുകയായിരുന്നു. താരതമ്യേന കണ്ണൂർ, കൊച്ചി സെക്ടറിലേക്ക് നിരക്ക് കുറയുന്നതുകൊണ്ട് നിരവധി പേർ അവിടേക്ക് യാത്ര ചെയ്യാൻ സാധ്യതയുണ്ട്.അതേസമയം, യു.എ.ഇ വരും ദിനങ്ങളിൽ കൂടുതൽ തണുത്ത് വിറക്കും. ശൈത്യകാലത്തിന് തുടക്കമായതോടെ തണുപ്പ് കൂടുതൽ കഠിനമാകുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. പർവതപ്രദേശങ്ങളിൽ താപനില 5 ഡിഗ്രി സെൽഷ്യസിൽ കുറയാൻ സാധ്യതയുണ്ടെന്നും കേന്ദ്രം മുന്നറിയിപ്പ് നൽകി. ജനുവരി പകുതിക്ക് ശേഷമുള്ള ദിവസങ്ങൾ, ഗൾഫ് പൈതൃക കലണ്ടറിൽ ശൈത്യകാലത്തിന്റെ ഏറ്റവും ഉയർന്ന സമയമാണെന്ന് അധികൃതർ പറഞ്ഞു. ശക്തമായ തണുപ്പ് ഏതാനും മാസങ്ങൾ നീണ്ടുനിൽക്കും. അറേബ്യൻ ഉപദ്വീപിൽ ഒന്നാകെ അതിശൈത്യം അനുഭവപ്പെടുന്ന സമയമാണിത്.

# സിപിഐഎം നേതാവ് എപി സോണയ്ക്കെതിരെ പരാതിയുമായി ജെബി മേത്തർ



സിപിഐഎം നേതാവ് എപി സോണയ്ക്കെതിരെ പരാതിയുമായി കോൺഗ്രസ് എംപി ജെബി മേത്തർ. സഹപ്രവർത്തകയുടേതുൾപ്പെടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിച്ച സോണയ്ക്കെതിരെ പോക്സോ കേസെടുക്കണമെന്നാവശ്യപ്പെട്ട് ജിബി മേത്തർ ഡിജിപിക്ക് പരാതി നൽകി.വനിതാ കമ്മീഷനും ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്കും മഹിളാ കോൺഗ്രസ് പരാതി നൽകിയിട്ടുണ്ട്. സോണയുടെ ഫോൺ പിടിച്ചെടുക്കുമെന്നും ആവശ്യമുണ്ട്.ഭരണ സ്വാധീനത്തിൽ കേസ് അട്ടിമറിക്കാൻ ശ്രമം നടക്കുകയാണ്. അതുകൊണ്ടുതന്നെ നീതിയുക്തമായിട്ടുള്ള, നിഷ്പക്ഷമാവും സത്യസന്ധമായ അന്വേഷണം ഉറപ്പാക്കണമെന്നും പരാതിയിൽ ജെബി മേത്തർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതേ ആവശ്യമുന്നയിച്ച് ജില്ലാ പൊലീസ് മേധാവിക്കും സ്ഥാന വനിതാ കമ്മീഷനും ജെബി മേത്തർ പരാതി നൽകി. സ്വമേധയാ ഈ വിഷയം കമ്മീഷൻ അന്വേഷിക്കണം എന്നാണ് വനിതാ കമ്മീഷന് നൽകിയിരിക്കുന്ന പരാതിയിൽ പറയുന്നത്. അതോടൊപ്പം സോനക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ പൊലീസിന് നിർദ്ദേശം നൽകണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നു.ആലപ്പുഴ സൗത്ത് ഏരിയ കമ്മിറ്റി അംഗം എ പി സോണയെ സിപിഐഎം പുറത്താക്കിയിരുന്നു. അന്വേഷണ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ സെക്രട്ടറിയേറ്റ് ആണ് നടപടി സ്വീകരിച്ചത്. കമ്മ്യൂണിസ്റ്റുകാരന്റെ അന്തസ്സിന് നിരക്കാത്ത പ്രവൃത്തിയാണ് സോണയുടെ ഭാഗത്തുനിന്നുണ്ടായത് എന്ന് ജില്ലാ സെക്രട്ടറിയേറ്റ് വിലയിരുത്തി.

# കാട്ടാനക്കൂട്ടത്തെ കണ്ട് ഓടി,40 മണിക്കൂർ ഉൾക്കാട്ടിൽ അകപ്പെട്ട് യുവാവ്



**ഇടുക്കി;** മണിയാറൻകുടി ആനക്കൊമ്പൻ വ്യൂ പോയിന്റ് കാണാനെത്തിയ യുവാവ് ഉൾക്കാട്ടിൽ അകപ്പെട്ടു. പുട്ടതോട് ന്യൂ മൗണ്ട് കാരഞ്ചിയിൽ ജോമോൻ ജോസഫ് (34) ആണ് കാട്ടാനകൾ വിഹരിക്കുന്ന ഉൾക്കാട്ടിൽ യുവാവ് ഒറ്റപ്പെട്ടത്. രണ്ടു രാത്രിയും ഒരു പകലും കാട്ടിൽ കുടുങ്ങിയ ജോമോൻ അവസാനം ജനവാസമേഖലയിൽ എത്തുകയായിരുന്നു. വെള്ളിയാഴ്ച ഉച്ചയോടെയാണ് ജോമോനും സുഹൃത്ത് വെള്ളക്കല്ലുങ്കൽ അനീഷ് ദാസിനൊപ്പം വാഴത്തോപ്പ് പഞ്ചായത്തിലെ മണിയാറൻകുടി ആനക്കൊമ്പൻ വ്യൂ പോയിന്റ് കാണാനെത്തിയത്. ഇവിടെനിന്ന് ഇരുവരും രണ്ടുവഴിക്കു പിരിഞ്ഞു. പിന്നീടു ജോമോനെ കാണാതാവുകയായിരുന്നു. തിരികെയെത്തിയ അനീഷ് അറിയിച്ചതനുസരിച്ച് നാട്ടുകാരും ബന്ധുക്കളും പൊലീസും വെള്ളിയാഴ്ച വൈകിട്ടു മുതൽ മേഖലയിൽ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല.വ്യൂ പോയിന്റിൽ നിന്നു താഴേക്കിറങ്ങുന്നതിനിടെ കാട്ടാനക്കൂട്ടത്തിന്റെ മുന്നിൽ പെട്ടതോടെയാണ് ജോമോൻ കാട്ടിൽ അകപ്പെടുന്നത്. ഒരു കൊമ്പനും നാലു പിടിയാനകളും ജോമോനെ കണ്ടതോടെ പിന്നാലെയെത്തി. ഇതിൽ നിന്ന് രക്ഷപ്പെട്ട് ഓടിയ ജോമോൻ എത്തിയത് ഒരു അരുവിയിലാണ്. ഇവിടെ വച്ചു മൊബൈലിന്റെ ചാർജ് പോയി. ഇരുട്ടായതോടെ ഒരു മരത്തിൽ കയറി ഇരുന്നു.നേരം വെളുത്തപ്പോൾ പുഴയോരത്തു കൂടി താഴേക്കു നടക്കുകയായിരുന്നു. പുഴയിൽനിന്നു വെള്ളം കോരിക്കുടിച്ചാണ് ജീവൻ നിലനിർത്തിയത്. ശനിയാഴ്ച രാത്രിയിലും പുഴയോരത്തെ ഒരു മരത്തിൽ കയറിയിരുന്നു. ഇന്നലെ രാവിലെ നടപ്പ് തുടർന്നു. ഒടുവിൽ രാവിലെ ഏഴരയോടെ മലയിഞ്ചിയിൽ എത്തിച്ചേരുകയായിരുന്നു. 40 മണിക്കൂറോളം ദുരിതയാത്രക്കൊടുവിലാണ് ജോമോൻ കാട്ടിൽ നിന്നും പുറത്തുകടന്നത്.

# ഇരുപത്തിയൊന്നാമത് പ്രവാസി ഭാരതി കേരള പുരസ്ക്കാരങ്ങൾ സമ്മാനിച്ചു



**ദോഹ.** ഇരുപത്തിയൊന്നാമത് പ്രവാസി ഭാരതി കേരള പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കേരളത്തിലെ യു.എ.ഇ ഡെപ്യൂട്ടി കോൺസൽ ജനറൽ ഉബൈദ് ഖലീഫ ബക്കീത്ത് അബ്ദുല്ല അൽ കഅബിയാണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്.ഖത്തറിൽ നിന്നും പി.എൻ.ബാബുരാജൻ, ഡോ.ശുക്കൂർ കിനാലൂർ, ഡോ. ഷീല ഫിലിപ്പോസ്, ഡോ. മുഹമ്മദുണ്ണി ഒളകര, ജി.ബിനുകുമാർ, നാസർ കറുകപ്പാടത്ത് ,അമാനുല്ല വടക്കാങ്ങര എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.ഖത്തറിലെ കൈരളി പ്രതിനിധി, സംസ്കൃതി ജനറൽ സെക്രട്ടറി, ഇന്ത്യൻ കമ്മ്യൂണിറ്റി ബനവലന്റ് ഫോറം പ്രസിഡണ്ട് , ഇന്ത്യൻ കൾചറൽ സെന്റർ പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്പി.എൻ. ബാബുരാജനെ അവാർഡിന് അർഹനാക്കിയത്. ജനോപകാര പ്രദമായ പ്രവർത്തനങ്ങളും മാനുഷിക സേവന മനോഭാവവും കൈമുതലാക്കിയ അദ്ദേഹം ഖത്തറിലെ പൊതുരംഗത്തെ നിറ സാന്നിധ്യമാണ്. സംരംഭകത്വത്തിന്റെ പുതിയ മാതൃക സമ്മാനിച്ച ദിശാബോധമുള്ള വ്യവസായി എന്ന നിലക്കാണ് അക്കോൺ ഗ്രൂപ്പ് ഹോൾഡിംഗ്സ് ചെയർമാൻ ഡോ.പി.എ.ശുക്കൂർ കിനാലൂരിനെ അവാർഡിന് തെരഞ്ഞെടുത്തത്. ഖത്തറിൽ നിരവധി സംരംഭകരെ തന്നോടൊപ്പം ചേർത്ത് വളരാൻ അവസരം നൽകിയ സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യവസായിയാണ് ഡോ.പി.എ.ശുക്കൂർ കിനാലൂർ.ഖത്തർ ആസ്ഥാനമായ അക്കോൺ ഗ്രൂപ്പ് ഹോൾഡിംഗ്സ് ചെയർമാൻ ഡോ. പി.എ. ശുക്കൂർ കിനാലൂർ മൂന്ന് പതിറ്റാണ്ടായി പ്രവാസ ലോകത്തെ സംരംഭകനാണ്. ഖത്തറിലും യു.എ.ഇയിലുമുള്ള വിവിധ വ്യാപാര സ്ഥാപനങ്ങൾക്ക് പുറമേ ഇന്ത്യയിലും പല സംരംഭങ്ങളുടേയും അമരക്കാരനായ അദ്ദേഹം സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യവസായിയാണ് .സാമൂഹ്യ സേവന രംഗത്തും ജീവകാരുണ്യ മേഖലയിലുമുള്ള വേറിട്ട പ്രവർത്തനങ്ങളും അദ്ദേഹത്തെ സവിശേഷനാക്കുന്നു.ഖത്തറിൽ സൗന്ദര്യ സംരംക്ഷണ രംഗത്തെ ശ്രദ്ധേയ നാമമായ ദോഹ ബ്യൂട്ടി സെന്റർ സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ ഡോ. ഷീല ഫിലിപ്പോസ് അറിയപ്പെടുന്ന സംരംഭകയും സാമൂഹ്യ പ്രവർത്തകയുമാണ് . മികച്ച വനിത സംരംഭകയെന്ന നിലക്കും മാതൃകാപരമായ സാമൂഹ്യ സാംസ്കാരിക ജനസേവന പ്രവർത്തനങ്ങൾ പരിഗണിച്ചുമാണ് അവരെ പുരസ്കാരത്തിന് പരിഗണിച്ചത്.പുകവലിക്കെതിരെ സന്ധിയില്ലാസമരം നയിക്കുന്ന ആന്റി സ്മോക്കിംഗ് സൊസൈറ്റി ചെയർമാൻ എന്ന നിലക്കും സാമൂഹ്യ സാംസ്കാരിക രംഗത്തെ വേറിട്ട സേവനങ്ങൾ മുൻനിർത്തിയുമാണ് ഡോ. മുഹമ്മദുണ്ണി ഒളകരയെ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. നാലു പതിറ്റാണ്ടിലേറെക്കാലമായി പ്രവാസലോകത്തെ കല കായിക സാമൂഹ്യ രംഗങ്ങളിൽ സജീവ സാന്നിധ്യമായ ഡോ. മുഹമ്മദുണ്ണി ഒളകര ഒരു സംരംഭകൻ എന്ന നിലക്കും പൊതു പ്രവർത്തകൻ എന്ന നിലക്കും ശ്രദ്ധേയനാണ്. ആന്റി സ്മോക്കിംഗ് സൊസൈറ്റി ഗ്ലോബൽ ചെയർമാനായ അദ്ദേഹത്തിന് കീഴിൽ സാമൂഹ്യ പ്രധാനമായ നിരവധി ബോധവൽക്കരണ പരിപാടികളാണ് പ്രവാസലോകത്തും ഇന്ത്യയിലും നടന്നത്.ഖത്തറിലെ ഹിൽസ് എഞ്ചിനീയറിംഗ് , മീഡിയ പെൻ എന്നീ സ്ഥാപനങ്ങളുടെ ജനറൽ മാനേജറായ ബിനുകുമാർ. ജി ഒരു നല്ല സംരംഭകനും സാമൂഹ്യ സാംസ്കാരിക കലാപ്രവർത്തകനുമാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഖത്തറിൽ നടക്കാറുള്ള ഇന്റർസ്കൂൾ യൂത്ത് ഫെസ്റ്റിവലായ കലാഞ്ജലി ഏറെ പ്രശസ്തമാണ്. ട്രാവൽ ആന്റ് ടൂറിസം രംഗത്തെ ശ്രദ്ധേയമായ ഏവൻസ് ട്രാവൽ ആന്റ് ടൂർസ് മാനേജിംഗ് ഡയറക്ടർ നാസർ കറുകപ്പാടത്ത് ഗൾഫ് മേഖലയിലെ മുതിർന്ന ട്രാവൽ പ്രൊഫഷണലും സാമൂഹ്യ സാംസ്കാരിക പ്രവർത്തകനുമാണ് . ഖത്തർ, യു.എ.ഇ, സൗദി, ബഹറൈൻ എന്നിവിടങ്ങളിലൊക്കെ പ്രവർത്തിപരിചയമുള്ള അദ്ദേഹത്തെ ടൂറിസം രംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരത്തിന് തെരഞ്ഞെടുത്തത്.ഗൾഫിൽ ജോലി തേടുന്നവർക്ക് സ്പോക്കൺ അറബിക് പരിശീലന പരിപാടികളിലൂടെ ശ്രദ്ധേയനായ ഡോ. അമാനുല്ല വടക്കാങ്ങര സ്പോക്കൺ അറബികുമായി ബന്ധപ്പെട്ട ഒരു ഡസനിലധികം കൃതികളുടെ കർത്താവാണ് . ആയിരക്കണക്കിന് പ്രവാസികളെ അറബി സംസാരിക്കുവാൻ പരിശീലിപ്പിച്ച അദ്ദേഹം മലയാളം, അറബി, ഇംഗ്ളീഷ് ഭാഷകളിലായി 82 പുസ്തകങ്ങളുടെ കർത്താവാണ് . പ്രവാസികളുടെ തൊഴിൽപരമായ വളർച്ചക്കനുഗുണമായി അദ്ദേഹം നടത്തിയ സ്പോക്കൺ അറബിക് പരിശീലന പരിപാടികളാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്.

# ഫ്ളാറ്റ് അസോസിയേഷന്റെ സദാചാര പോലീസിംഗ് ; പരാതിയുമായി 64 കുടുംബങ്ങൾ



**തൃക്കാക്കര:** കൊച്ചിയിലെ ഫ്ളാറ്റ് അസോസിയേഷന്റെ സദാചാര പോലീസിംഗിനെതിരേ പോലീസിന് പരാതിയുമായി താമസക്കാരായ കുടുംബങ്ങൾ.30 പേർ കമ്മറ്റിക്കാരായ തൃക്കാക്കരയിലെ ഒരു ഫ്ളാറ്റ് അസോസിയേഷൻ നടപ്പാക്കുന്ന നിയമങ്ങൾക്കെതിരേയാണ് പരാതി സമർപ്പിച്ചിട്ടുള്ളത്.രാത്രിയിൽ അതിഥികൾ ഉണ്ടാകരുത്, പത്തുമണിക്ക് ശേഷം പുറത്തിറങ്ങി നടക്കരുത്, ഒപ്പം ജോലി ചെയ്യുന്നവരോ സുഹൃത്തുക്കളോ ആയ എതിർലിംഗത്തിൽപെട്ടവർ ഫ്ളാറ്റിൽ എത്തരുത് തുടങ്ങി സദാചാര ചട്ടം ഉണ്ടാക്കി നടപ്പാക്കാൻ തുടങ്ങിയതോടെ ഐടി ജീവനക്കാർ ഉൾപ്പെട്ട 64 കുടുംബങ്ങളാണ് പോലീസിൽ പരാതി നൽകിയിരിക്കുന്നത്.കൊച്ചി ഇൻഫോപാർക്കിന് സമീപമുള്ള ഫ്ളാറ്റിലാണ് സദാചാര പോലീസിംഗ്. അസോസിയേഷനെതിരെ കൊച്ചി സിറ്റിപോലീസ് കമ്മീഷണർക്കാണ് പരാതി ചെന്നിരിക്കുന്നത്. ഫ്ളാറ്റുടമകൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നതായി പരാതിയിലുണ്ട്.ഫ്ളാറ്റിലെ വാടകക്കാരിൽ പലരും ഇൻഫോപാർക്കിലാണ് ജോലി ചെയ്യുന്നത്. ജോലിക്കുശേഷം സഹപ്രവർത്തകരായ പുരുഷന്മാർ സ്ത്രീകളെ വീട്ടിലെത്തിക്കാറുണ്ട്. ഇതിനെ സദാചാര വിരുദ്ധ പ്രവർത്തിയായി മുദ്രകുത്തുകയാണ്.ഫ്ളാറ്റിൽ ദിവസവും തിരിച്ചറിയൽ രേഖാപരിശോധന നടത്തുന്നുണ്ടെന്നും താമസക്കാർ പറയുന്നു. അതിഥികൾ ഫ്ളാറ്റിൽ ഒപ്പം താമസിച്ചാൽ അസോസിയേഷൻ പ്രതിദിനം 250 രൂപ ഈടാക്കും. അസോസിയേഷന്റെ നിർദ്ദേശപ്രകാരം ജോലി ചെയ്തുവരുന്ന സുരക്ഷാ ജീവനക്കാരും മോശമായി പെരുമാറുന്നതായി പരാതിയിലുണ്ട്. നൈറ്റ് ഷിഫ്റ്റിൽ ജോല ചെയ്തിട്ടു വരുന്ന സ്ത്രീകളെ പലപ്പോഴും ഫ്ളാറ്റിന്റെ ഗേറ്റിൽ നിർത്തി ചോദ്യംചെയ്യാറുണ്ട്.അതിഥികളായി വന്നിട്ടുള്ള സ്ത്രീകൾക്ക് സുരക്ഷാ ജീവനക്കാരിൽ നിന്നും മോശമായ പെരുമാറ്റം നേരിടേണ്ടി വന്നിട്ടുണ്ടെന്നും പറയുന്നു. രാത്രി പത്ത് മണിക്ക് ശേഷം വാടകക്കാരുടെ സുഹൃത്തുക്കളെയും മാതാപിതാക്കളെയും വരെ സെക്യൂരിറ്റി ജീവനക്കാർ ഗേറ്റിൽ തടഞ്ഞുവെച്ചിട്ടുണ്ടെന്നും തിരിച്ചയച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ടെന്നും പറയുന്നു. ഫ്ളാറ്റിലെ അവിവാഹിതരായ ആളുകൾ സുഹൃത്തുക്കളെ ക്ഷണിച്ചാൽ അതിനെ സദാചാര വിരുദ്ധമായിട്ടാണ് മുദ്രകുത്തുന്നതെന്നും പരാതിയിലുണ്ട്. അപ്പാർട്ട്മെന്റിലെ മുപ്പതോളം ഉടമകളാണ് അസോസിയേഷൻ ഭാരവാഹികൾ.

# സിപിഎം നേതാവിന്റെ ലഹരിക്കടത്ത്; ഷാവാസിന്റെ മുഖം രക്ഷിക്കാൻ കേരളാ പോലീസ്; പിന്നിൽ ഉന്നതന്റെ സ്വാധീനം




**ആലപ്പുഴ:** കരുനാഗപ്പള്ളി ലഹരിക്കടത്ത് കേസിൽ സിപിഎം നേതാവ് എ.ഷാനവാസിനെ സംരക്ഷിച്ച് കേരളാ പോലീസ്.സംഭവം നടന്ന് ആഴ്ചകൾ പിന്നിട്ടിട്ടും ഷാനവാസിനെ പ്രതി ചേർക്കാനോ വിശദമായി ചോദ്യം ചെയ്യാനോ പോലീസ് തയ്യാറായിട്ടില്ല. മന്ത്രിയായ സിപിഎം നേതാവിന്റെ ഇടപെടലാണ് ഇതിന് കാരണമെന്നാണ് ഉയരുന്ന ആരോപണം.നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തതിന് പിന്നാലെ കൊല്ലം കരുനാഗപ്പള്ളി പോലീസ് ഷാനവാസിനോട് സ്റ്റേഷനിൽ ഹാജരാകാൻ നിർദേശിച്ചിരുന്നു. എന്നാൽ ഇയാൾ സ്റ്റേഷനിലെത്തിയിരുന്നില്ല. മറ്റൊരു ലോറിയുടെ ഉടമയായ എ. അൻസാറും സമാന നിലപാടാണ് സ്വീകരിച്ചത്.ഇതിന് പിന്നാലെ പോലീസ് ആലപ്പുഴയിലെത്തി ഇരുവരുടെയും മൊഴി രേഖപ്പെടുത്തുകയായിരുന്നു. ലോറി ഇടുക്കി കട്ടപ്പന സ്വദേശി ജയന് നൽകിയെന്നായിരുന്നു ഇരുവരുടെയും വാദം. ഇതിന് പിന്നാലെയാണ് വിശദമായ ചോദ്യം ചെയ്യലിന് നേരിട്ട് ഹാജരാകാൻ ഇരുവരോടും നിർദേശിച്ചത്. എന്നാൽ നിർദേശം നൽകി ഒരാഴ്ച പിന്നിടുമ്പോഴും നേതാക്കൾ സ്റ്റേഷനിൽ ഹാജരായില്ല.കരാർ രേഖകൾ കൃത്രിമമായി സൃഷ്ടിച്ചതാണെന്ന് സംശയമുണ്ടെന്നും ചോദ്യം ചെയ്ത ശേഷം തുടർ നടപടി സ്വീകരിക്കുമെന്നുമായിരുന്നു അന്വേഷണ ഉദ്യോഗസ്ഥരുടെ ആദ്യ ദിനങ്ങളിലെ പ്രതികരണം. എന്നാൽ പിന്നീട് പോലീസ് മലക്കം മറിയുന്ന സ്ഥിതിയാണുണ്ടായത്. കരാർ രേഖകൾ പ്രകാരം ഷാനവാസിനെയോ അൻസറിനെയോ പ്രതി ചേർക്കാൻ ആവശ്യമായ തെളിവുകൾ ഇല്ലെന്നും നിലവിൽ ചോദ്യം ചെയ്യേണ്ടതില്ലെന്നുമാണ് പോലീസിന്റെ ഭാഷ്യം.കരാർ ഏറ്റെടുത്തെന്ന് അവകാശപ്പെടുന്ന ജയനെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇയാൾ തമിഴ്നാട്ടിൽ ഒളിവില്ലെന്നാണ് പോലീസ് നൽകുന്ന വിശദീകരണം. ജയൻ ദൃശ്യമാദ്ധ്യമങ്ങൾക്ക് ഫോണിലൂടെ പ്രതികരണം നൽകിയിരുന്നു. എന്നിട്ടും പോലീസിന് സൈബർസെല്ലിന് ജയന്റെ ഒളിത്താവളം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വൻ തോതിലുള്ള പുകയില ഉത്പന്നങ്ങൾ പിടികൂടിയിട്ടും നിസാര വകുപ്പുകൾ മാത്രം ചുമത്തിയാണ് പ്രതികൾക്കെതിരെ കേസെടുത്തിരിക്കുന്നത്. അതുകൊണ്ട് തന്നെ രണ്ട് ദിവസത്തിന് ശേഷം പ്രതികൾക്ക് ജാമ്യം ലഭിച്ചു. ലഹരിക്കടത്തിനെ സംബന്ധിച്ചോ അതിന്റെ ഉറവിടം സംബന്ധിച്ചോ അന്വേഷിക്കാനും പോലീസ് തയ്യാറായിട്ടില്ല.

# കെഎസ്ആർടിസി ബസ്സുണ്ടോ എന്ന് ഇനി ഗൂഗിൾ മാപ്പിൽ നോക്കിയാൽ മതി; റൂട്ടും സമയവും അറിയാം



**തിരുവനന്തപുരം;** ഗൂഗിൾ മാപ്പ് നോക്കിയാൽ ഇനി കെഎസ്ആർടിസി ബസ് എപ്പോൾ വരും എന്നറിയാം. കെഎസ്ആർടിസ് ബസ് സർവീസുകളുടെ റൂട്ടും സമയവുമാണ് ഗൂഗിൾ മാപ്പിൽ ഉൾപ്പെടുത്തുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ സിറ്റി സർക്കുലർ സർവീസുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തി.ഗൂഗിൾ മാപ്പിൽ പബ്ലിക് ട്രാൻസ്പോർട്ടിലാണ് ഇത് ലഭ്യമാകുക. പോകേണ്ട സ്ഥലം നൽകിയാൽ പെട്ടെന്ന് വിവരങ്ങൾ ലഭിക്കും. സിറ്റി സർക്കുലർ സർവീസുകളുടെ വിവരം പൂർണമായും ഉൾപ്പെടുത്തിയ ശേഷമാകും ദീർഘദൂര സ്വിഫ്റ്റ് സർവീസുകളുടെ വിവരങ്ങളും എത്തുക. പിന്നീട് മുഴുവൻ കെഎസ്ആർടിസ് ബസ്സുകളുടേയും റൂട്ട് ഗൂഗിൾ മാപ്പിൽ എത്തിക്കാനാണ് തീരുമാനം.തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസുകൾ മജന്ത, യെല്ലോ, ഗ്രീൻ, ഓറഞ്ച്, റെഡ് തുടങ്ങിയ നിറങ്ങളിലാണ് ക്രമീകരിച്ചിരിക്കുന്നത്. ബസ്സുകളിലെ ജിപിഎസ് പ്രവർത്തന സജ്ജമാകുന്നതോടെ ബസ് എവിടെയെത്തിയെന്നും മാപ്പിൽ ലഭ്യമാകുമെന്നും സിഎംഡിയും ഗതാഗത സെക്രട്ടറിയുമായ ബിജു പ്രഭാകർ പറഞ്ഞു. സ്വിഫ്റ്റിലും ഇത് നടപ്പാകുന്നതോടെ ബസ് എവിടെയെത്തിയെന്ന് മനസിലാക്കി കൃത്യസമയത്ത് ബസ് സ്റ്റോപ്പിൽ എത്താനാവും.

# സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ പ്രത്യേക നംമ്പർ ഏർപ്പെടുത്താനുള്ള നീക്കവുമായി ഗതാഗത വകുപ്പ്



സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ പ്രത്യേക നമ്പർ ഏർപ്പെടുത്താനുള്ള നീക്കവുമായി ഗതാഗത വകുപ്പ് മുന്നോട്ട്.പുതിയ നമ്പറിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗതാഗത മന്ത്രി ഉദ്യോഗസ്ഥരുമായി ഇന്ന് ചർച്ച നടത്തും. പുതിയ നമ്പർ സീരിയിനുവേണ്ടി മോട്ടോർ വാഹനവകുപ്പ് ചട്ടം ഭേദഗതി ചെയ്യാനാണ് ആലോചന.സർക്കാർ ഉത്തരവ് ഇറങ്ങി കഴിഞ്ഞാൽ സർക്കാർ വാഹനങ്ങൾ പുതിയ സീരിയസിലേക്ക് റീ- രജിസ്റ്റർ ചെയ്യണം. ഇനി വാങ്ങുന്ന വാഹനങ്ങൾ പുതിയ സീരിയസിലാകും പുറത്തിറങ്ങുക. സംസ്ഥാനത്ത് എത്ര സർക്കാർ വാഹനങ്ങളുണ്ടെന്ന കണക്കിപ്പോൾ മോട്ടോർ വാഹനവകുപ്പിന്റെ കൈവശമില്ല. സർക്കാർ വാഹനങ്ങൾ പ്രത്യേക സീരിയസിൽ രജിസ്റ്റർ ചെയ്യാത്തുകൊണ്ടാണ് കൃത്യമായ കണക്ക് സൂക്ഷിക്കാൻ കഴിയാത്തത്.

# സംസ്ഥാനത്ത് സ്വർണവില കുതിക്കുന്നു; വെള്ളിയുടെ വിലയും മുകളിലേക്ക്



സംസ്ഥാനത്ത് സ്വർണവില ഉയർന്നു. ഈ മാസത്തെ ഏറ്റവും ഉയർന്ന വിലയിലാണ് സ്വർണവില എത്തിനിൽക്കുന്നത്. രണ്ട് ദിവസം മാറ്റമില്ലാതെ തുടർന്ന സ്വർണ വില ഗ്രാമിന് 20 രൂപയും പവന് 160 രൂപയും വർധിച്ചു ഗ്രാമിന് 5,220 രൂപയും പവന് 41,760 രൂപയുമാണ് തിങ്കളാഴ്ച രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമിന് 40 രൂപയും പവന് 320 രൂപയും ശനിയാഴ്ച വർധിച്ചു ഗ്രാമിന് 5,200 രൂപയിലും പവന് 41,600 രൂപയിലുമാണ് രണ്ട് ദിവസം വ്യാപാരം നടന്നത്.അഞ്ച് ദിവസം കൊണ്ട് പവന് വർധിച്ചത് 720 രൂപയാണ്. ഈ മാസം 2 ന് രേഖപ്പെടുത്തിയ 5,045 രൂപയും പവന് 40,360 രൂപയുമാണ് ഈ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്ക്. സംസ്ഥാനത്ത് വെള്ളിയുടെ വിലയും ഉയർന്നു. ഒരു ഗ്രാം വെള്ളിയുടെ വില ഒരു രൂപ ഉയർന്നു. ഇതോടെ വിപണി വില 76 രൂപയായി. അതേസമയം, ഹാൾമാർക്ക് വെള്ളിയുടെ വിലയിലും മാറ്റമില്ല. ഒരു ഗ്രാം ഹാൾമാർക്ക് വെള്ളിയുടെ വില 90 രൂപയാണ്.

## തട്ടാശ്ശേരി പാലം നിർമാണം: എം.എൽ.എ. യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു



**ആലപ്പുഴ:** കാവാലം തട്ടാശ്ശേരി പാലം നിർമാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് തോമസ് കെ. തോമസ് എം.എൽ.എ.യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.പാലം നിർമാണത്തിനായി ഏറ്റെടുക്കേണ്ടത് 110 സെന്റ് ഭൂമിയാണ്. ഇതിൽ 86 സെന്റോളം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള 24 സെന്റ് സ്വകാര്യ വ്യക്തികളുടേതാണ്. ഇതു സംബന്ധിച്ച് ജനുവരി 18 -ന് സ്വകാര്യ വ്യക്തികളുടെ യോഗം തട്ടാശ്ശേരിയിൽ ചേരാനും യോഗത്തിൽ തീരുമാനമായി.ഭൂമി വിട്ടുനൽകിയ മുഴുവൻ പേരുടെയും നഷ്ടപരിഹാരം ഫെബ്രുവരി അഞ്ചിനകം നൽകാനും ധാരണയായി.കാവാലംതട്ടാശേരി പാലം യാഥാർഥ്യമാകുന്നതോടെ കുട്ടനാട്ടുകാർക്ക് എളുപ്പത്തിൽ ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ എത്തിച്ചേരാനാകും.2016 -ലെ ഇടക്കാല ബജറ്റിൽ 30 കോടി രൂപയാണു പാലത്തിനായി അനുവദിച്ചിരുന്നത്. തുടർന്ന് ദേശീയ ജലപാതാ നിയമംമൂലം രൂപരേഖയിൽ മാറ്റംവരുത്തിയതോടെ ഇത് 52.5 കോടി രൂപയായി വർധിപ്പിക്കുകയായിരുന്നു. യോഗത്തിൽ എൽ.എ. ഡെപ്യൂട്ടി കളക്ടർ സജീവ്, കുട്ടനാട് എൽ.എ. തഹസിൽദാർ ജയപ്രകാശ്, ജില്ലാ പഞ്ചായത്ത് അംഗം എം. വി. പ്രിയ, കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ജെ. ജോഷി,കെ. ആർ. എഫ്. ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ജിറ്റ്സി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

കുന്തം®
KUNTHAM
Franco
SOMETHING YOU ALWAYS TRUST
PHOTOSTAT
www.kunthamphotostat.com
kunthamphotostat@gmail.com
Project, Seminar, Spiral, Binding Works, Scanning, Lamination, ID Card, DTP Print, Photostat
Sree Vadakkumnathan Shopping Complex
Karunakaran Nambiar Road
Above Indian Coffee House
North Bus Stand, Thrissur
PH:9847394948, 9388394948, 9388994948, 7025496930

# കണ്ണൂരിൽ ബിജെപി- കോൺഗ്രസ് സംഘർഷം: എസ്ഐ ഉൾപ്പെടെ ആറുപേർക്ക് പരിക്ക്



**തലശേരി:** കണ്ണൂർ പാനൂർ പന്ന്യന്നൂരിൽ ഉത്സവസ്ഥലത്തുണ്ടായ ബിജെപി-കോൺഗ്രസ് സംഘർഷത്തിൽ എസ്ഐ ഉൾപ്പെടെ ആറുപേർക്ക് പരിക്കേറ്റു. തിങ്കളാഴ്ച പുലർച്ചെ ഒന്നോടെയാണ് സംഭവം. കോൺഗ്രസ് -ബിജെപി പ്രവർത്തകരായ സന്ദീപ്, അനീഷ് തുടങ്ങി അഞ്ച് പേർക്കും പാനൂർ സ്റ്റേഷനിലെ അഡീഷണൽ എസ്ഐ ജയദേവനുമാണ് പരിക്കേറ്റത്. ഇവർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. കൊടിമരവുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്.സംഭവത്തിൽ പാനൂർ പോലീസ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചു. പ്രതികൾക്കായി പോലീസ് റെയ്ഡ് നടത്തിവരികയാണ്. പ്രദേശത്ത് പോലീസ് കാവൽ ശക്തമാക്കിയിട്ടുണ്ട്.

# ഫെനി ഉൽപ്പാദനം കടലാസിലൊതുങ്ങികശുവണ്ടി വിളവെടുപ്പു തുടങ്ങി;വില ഉറപ്പില്ലാതെ കർഷകർ



**തളിപ്പറമ്പ്:** കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള കുഞ്ഞ വിളവും കാർഷിക വിളകളുടെ വിലത്തകർച്ചയും ദുരിതക്കയത്തിലാക്കിയ മലയോര കർഷകന് പ്രതീക്ഷയായ കശുവണ്ടി സീസൺ ആരംഭിച്ചു.സംസ്ഥാനത്തു തന്നെ ഏറ്റവും ഗുണമേന്മയുള്ളതും ഏറ്റവും കൂടുതലും കശുവണ്ടി ഉൽപാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ കശുവണ്ടി വിളവെടുപ്പു തുടങ്ങി. എന്നാൽ കശുവണ്ടി വിപണിയിൽ വിലനിലവാരത്തിൽ നാളിതുവരെ വ്യക്തത ഇല്ലാത്തതിനാൽ കർഷകർ ആശങ്കയിലാണ്.ആയിരക്കണക്കിനേക്കർ കശുമാവ് കൃഷി ചെയ്തിരുന്ന മലയോര മേഖലയിൽ റബ്ബറിന്റെ വില ഉയർന്നപ്പോൾ കശുമാവ് കൂട്ടത്തോടെ മുറിച്ചു നീക്കി റബ്ബർ കൃഷി ചെയ്തിരുന്നു.. എന്നാൽ റബ്ബറിന്റെ വിലത്തകർച്ച കർഷകന്റെ പ്രതീക്ഷകളെ താളം തെറ്റിച്ചു. അവശേഷിക്കുന്ന ചുരുക്കം കശുമാവ് കർഷകരാവട്ടെ, കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് വിളവിലുണ്ടായ ഇടിവും വിലത്തകർച്ചയും കാരണം നിരാശരാണ്. ഇടക്കിടെ പെയ്യുന്ന മഴയും മൂടിക്കെട്ടിയ കാലാവസ്ഥയും കശുവണ്ടി ഉൽപാദനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സീസൺ ആദ്യം കിലോക്ക് 130 രൂപ വിലയുണ്ടായിരുന്ന കശുവണ്ടിക്ക് ആഴ്ചകൾക്കുള്ളിൽ 80 രൂപയിലേക്ക് കൂപ്പുകുത്തി.വ്യാപാരികളും ഇടനിലക്കാര്യം ഒത്തുകളിച്ച് വില കുറക്കുകയാണ് പതിവ്. സഹകരണ സംഘം മുഖേന കശുവണ്ടി സംഭരിക്കണമെന്ന ആവശ്യത്തിനു ദശാബ്ദങ്ങൾ പഴക്കമുണ്ട്.കരുമാങ്ങയിൽ നിന്നും വീര്യം കുറഞ്ഞ മദ്യമായ ഫെനി ഉൽപാദിപ്പിക്കാൻ കർഷകർക്കു അനുമതി നൽകാനുള്ള നടപടികൾ നാളിതു വരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ആയിരക്കണക്കിനു ക്വിന്റൽ കശുമാങ്ങ ഉപയോഗ്യശൂന്യമായി നശിച്ചു പോവുമ്പോഴും ഉപ ഉൽപന്നങ്ങൾ നിർമ്മിച്ചു കർഷകരെ സഹായിക്കാൻ സർക്കാറിന് ഇതുവരെ സാധിച്ചിട്ടില്ല.കൃഷിവിജ്ഞാന കേന്ദ്രങ്ങളും കാഷ്യൂ ബോർഡ് പോലെയുള്ള സ്ഥാപനങ്ങളും ഉദ്യോഗസ്ഥരെ തീറ്റിപോറ്റാനുള്ള വെള്ളാനകൾ മാത്രമാണെന്നാണ് കർഷകരുടെ ആക്ഷേപം.

# തരൂർ വിവാദം; പരസ്യപ്രസ്താവനകൾക്ക് വിലക്ക്




**ന്യൂഡൽഹി:** ശശി തരൂരോ മറ്റ് നേതാക്കളോ പരസ്പര വിമർശനങ്ങൾ ഉന്നയിക്കരുതെന്ന നിർദേശവുമായി എഐസിസി. തരൂർ വിവാദം തുടരുന്ന സാഹചര്യത്തിൽ ഇക്കാര്യം നിരീക്ഷിക്കാൻ താരിഖ് അൻവറിന് എഐസിസി നിർദേശം നൽകിയിട്ടുണ്ട്. കെപിസിസി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും പരസ്പരം ചർച്ചകൾ നടത്തി മുന്നോട്ട് പോകണമെന്നും എഐസിസി നിർദേശിച്ചു.മുഖ്യമന്ത്രിയാകാൻ തയ്യാറാണെന്ന തരൂരിന്റെ പ്രസ്താവനയ്ക്ക് മറുപടിയുമായി രമേശ് ചെന്നിത്തല എത്തിയതോടെയാണ് കോൺഗ്രസിൽ പുതിയ വിവാദങ്ങൾ ആരംഭിച്ചത്. നാല് വർഷത്തിന് ശേഷം എന്താകുമെന്ന് ഇപ്പോൾ പറയാനാകില്ലെന്നും തയ്പ്പിച്ച കോട്ട് മാറ്റിവച്ചേക്ക് എന്നുമായിരുന്നു ചെന്നിത്തലയുടെ പ്രതികരണം. എന്നാൽ മുഖ്യമന്ത്രിയുടെ കോട്ട് തയ്യാറാക്കി വച്ചിട്ടില്ലെന്ന് തരൂർ മറുപടി നൽകി. ആര് എന്ത് പറഞ്ഞാലും പ്രശ്നമില്ല. കേരളത്തിൽ കൂടുതൽ ക്ഷണം കിട്ടുന്നുണ്ട്, ജനങ്ങൾ കാണാൻ ആഗ്രഹിക്കുന്നതിനാലാണ് താൻ പരിപാടികളിൽ പങ്കെടുക്കുന്നതെന്നും തരൂർ പറഞ്ഞു.

# കൊളീജിയത്തിൽ സർക്കാർ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് കേന്ദ്രം; ആവശ്യം തള്ളി സുപ്രീംകോടതി



കൊളീജിയം വിഷയത്തിൽ കേന്ദ്രസർക്കാരും സുപ്രീംകോടതിയും തമ്മിലുള്ള വാക്പോര് തുടരുന്നതിനിടെ പുതിയ ആവശ്യവുമായി കേന്ദ്രം രംഗത്തെത്തിയിരിക്കുകയാണ്.ജഡ്ജിമാരെ തെരഞ്ഞെടുക്കുന്ന സുപ്രീംകോടതി, ഹൈക്കോടതി കൊളീജിയങ്ങളിൽ സർക്കാർ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ. ഈ ആവശ്യം ഉന്നയിച്ച് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന് കേന്ദ്ര നിയമമന്ത്രി കിരൺ റിജ്ജിജു കത്ത് അയച്ചു.ജഡ്ജിമാരുടെ നിയമന സുതാര്യതയും പൊതു ഉത്തരവാദിത്തവും ഉറപ്പാക്കാൻ ഇത് ആവശ്യമാണ് എന്ന് കത്തിൽ പറയുന്നു. അതേസമയം കേന്ദ്രസർക്കാരിന്റെ ആവശ്യം സുപ്രീംകോടതി തള്ളി. ജഡ്ജി നിയമനത്തിന് നിലവിലുള്ള മാനദണ്ഡം ഭേദഗതി ചെയ്യുന്നത് അംഗീകരിക്കില്ലെന്ന നിലപാടിലാണ് ജഡ്ജിമാർ. സുപ്രീംകോടതി കൊളീജിയത്തിൽ കേന്ദ്രസർക്കാർ പ്രതിനിധികളെയും ഹൈക്കോടതി കൊളീജിയത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധികളെയും ഉൾപ്പെടുത്തണമെന്നാണ് കേന്ദ്രത്തിന്റെ ആവശ്യം. കൊളീജിയം സംവിധാനത്തിന് സുതാര്യതയില്ലെന്ന് നിയമമന്ത്രി കിരൺ റിജ്ജിജു മുൻപ് വിമർശനം ഉന്നയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് നിയമമന്ത്രി കത്ത് നൽകിയത്.

# ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തി, കിഫ്ബിയെ കേന്ദ്രം പൂട്ടി; ഫണ്ട് എവിടെ നിന്ന് കണ്ടെത്തും? ബജറ്റ്തയാറാക്കൽ ഹിമാലയൻ ദൗത്യം



**തിരുവനന്തപുരം :** വരുമാനത്തിലെ അനിശ്ചിതത്വത്തിനിടെ അടുത്തമാസത്തെ ബജറ്റ് തയാറാക്കൽ ധനവകുപ്പിനു ഹിമാലയൻ ദൗത്യം.ജി.എസ്.ടി. നഷ്ടപരിഹാരം ഇനിയുണ്ടാകില്ലെന്ന യാഥാർഥ്യത്തിനൊപ്പം കേന്ദ്രവിഹിതം കുറയുന്ന സാഹചര്യത്തിൽ ഉറക്കം നഷ്ടപ്പെട്ട് വകുപ്പധികൃതർ. നിത്യനിദാനചെലവുകൾക്കുള്ള തുക മാത്രം റവന്യുവരുമാനമായി ലഭിക്കുന്ന സാഹചര്യത്തിൽ വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എവിടെ നിന്നു കണ്ടെത്തുമെന്ന് പ്രധാന ആശങ്ക.നിലവിലെ കണക്കുപ്രകാരം ബജറ്റിനുമുമ്പേ ഏകദേശം 27,000 കോടി രൂപയുടെ കുറവ് വരുമാനത്തിലുണ്ടാകുമെന്നാണ് വിലയിരുത്തൽ. ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കില്ലെന്നതിനൊപ്പം വായ്പാപരിധി വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നിലപാട് ഇരുട്ടടിയായി. ഇതിന്റെ അടിസ്ഥാനത്തിൽ ബജറ്റിൽ ചെലവുചുരുക്കിയാൽ അടുത്ത സാമ്ബത്തികവർഷം ധനപ്രതിസന്ധി ഇതിനേക്കാൾ രൂക്ഷമാകുമെന്ന് സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കുന്നു. അതിനാൽ ചെലവുനിയന്ത്രണത്തിൽ കൂടുതൽ ആലോചന വേണ്ടിവരുമെന്നാണ് വിലയിരുത്തൽ.കഴിഞ്ഞ വർഷത്തെ 39,000 കോടിയോളം രൂപയുടെ പദ്ധതി തന്നെയാണ് ഇത്തവണയും വിഭാവന ചെയ്തിരിക്കുന്നത്. സാമ്ബത്തികവർഷം അവസാനിക്കാൻ രണ്ടുമാസം മാത്രം ബാക്കി നിൽക്കെ പദ്ധതി ചെലവ് മുമ്ബെങ്ങുമില്ലാത്തവിധം 46.80% മാത്രമാണ്. അതിൽ ത്തന്നെ സംസ്ഥാനപദ്ധതികളാണ് ഏറ്റവും പിന്നിൽ. ഇപ്പോഴത്തെ ധനപ്രതിസന്ധിയാണ് ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്. ബജറ്റ് അവതരണവേളയിൽ കണക്കാക്കിയിരുന്ന വരുമാനത്തിൽ നിന്ന് വായ്പാ പരിധി വെട്ടിക്കുറച്ചതോടെ വലിയ ഇടിവുണ്ടായി. ഇത് പ്രവർത്തനത്തെ തകിടം മറിച്ചു. കഴിഞ്ഞ വർഷം ബജറ്റിലെ ചെലവ് 1,73,587.52 കോടി രൂപയായിരുന്നു. അതിന് കണക്കാക്കിയിരുന്ന റവന്യുവരുമാനം 1,34,097 കോടി രൂപയുമായിരുന്നു. ഇതിന് പുറമേയുള്ള വായ്പയിലാണ് വെട്ടിക്കുറവ് വന്നത്.ഈ വർഷം മുതൽ റവന്യു കമ്മി ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നിവ ലഭിക്കില്ല. ഒപ്പം ധനക്കമ്മിഷൻ വിഹിതം കൂടി വെട്ടിക്കുറച്ചതോടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും. ഇതു മറികടക്കാൻ ജി.എസ്.ടി. നഷ്ടപരിഹാരം നിലനിർത്താനും വായ്പാ പരിധി പുനഃസ്ഥാപിക്കാനുമുള്ള നീക്കം സംസ്ഥാനം നടത്തുന്നുണ്ട്. പക്ഷേ, വിജയിക്കുമെന്ന് ഉറപ്പൊന്നുമില്ല.ശമ്ബളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലാണ് ചെലവിന്റെ സിംഹഭാഗവും വരുന്നത്. പുറമേ, സാമൂഹികക്ഷേമ പദ്ധതികൾക്കുള്ള വിഹിതം, സർവകലാശാലകൾക്കുള്ള ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി റവന്യുവരുമാനത്തിന്റെ 80 ശതമാനവും നീക്കിവയ്ക്കുന്നു. ഇതിൽ ഒരു നിയന്ത്രണവും കൊണ്ടുവരാൻ കഴിയില്ല. ഈ സാഹചര്യത്തിൽ മൂലധനചെലവിനുള്ള ഫണ്ട് എവിടെ നിന്ന് കണ്ടെത്തുമെന്ന ചോദ്യമാണ് ബജറ്റ് തയാറാക്കുന്നവരെ വലയ്ക്കുന്നത്.കിഫ്ബി മുഖാന്തിരമാണ് കേരളത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി വികസനപദ്ധതികൾ നടപ്പാക്കുന്നത്. കിഫ്ബി വായ്പയ്ക്ക് കേന്ദ്രം ഇടങ്കോലിട്ട സാഹചര്യത്തിൽ അതുവഴിയുള്ള നീക്കവും തടസപ്പെടും. ഇതോടെ ജി.എസ്.ടിയിൽ നിന്നും മറ്റു വഴികളിലൂടെയും ലഭിക്കുന്ന വരുമാനം മാത്രം വച്ച് ബജറ്റ് തയാറാക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് ധനവകുപ്പിനു മുന്നിൽ.

# മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ സഹോദരനെ ആക്രമിച്ച് കിണറ്റിൽ തള്ളിയിട്ടു



**തിരുവനന്തപുരം:** തലസ്ഥാനത്ത് ഒരിടവേളക്ക് ശേഷം വീണ്ടും ഗുണ്ടാസംഘങ്ങൾ അഴിഞ്ഞാടുകയാണ്. പാറ്റൂരിൽ ഗുണ്ടാ സംഘങ്ങൾ തമ്മിലടിച്ച് പരസ്പരം വെട്ടിയതും കണിയാപുരത്ത് യുവാവിനെ തട്ടിക്കൊണ്ടുപോയതും, ആ കേസിലെ പ്രതികളെ പിടികൂടാനെത്തിയ പൊലീസിന് നേരെ നാടൻ ബോംബ് എറിഞ്ഞതുമെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടതാണ്.കണിയാപുരം കേസിലെ മുഖ്യപ്രതി ഷെഫീഖിനെ നാടകീയമായാണ് പൊലീസ് അറസ്റ്റിലായത്. ഒളിവിൽ കഴിഞ്ഞിരുന്ന വീടിന്റെ ഉടമസ്ഥനെ കല്ല് കൊണ്ട് തലക്കടിച്ച് കിണറ്റിലേക്ക് തള്ളിയിട്ട് രക്ഷപ്പെടുന്നതിനിടെ നാട്ടുകാരാണ് ഷെഫീഖിനെ പിടികൂടിയത്. ഷെഫീഖിനൊപ്പം കൂട്ടാളി അബിനും പിടിയിലായി. ഇവർ അടിച്ച് കിണറ്റിൽ തള്ളിയിട്ടത് മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയുടെ സഹോദരനെ ആയിരുന്നു.പൊലീസിൻറെ കണ്ണ് വെട്ടിച്ച് മുങ്ങിയ ഷെഫീഖും കൂട്ടാളി അബിനും രാത്രി കഴിഞ്ഞത് മുഖ്യമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി രാജശഖരൻ നായരുടെ സഹോദരൻ ശ്രീകുമാറിന്റെ പണിനടക്കുന്ന വീട്ടിലായിരുന്നു. രാവിലെ വീട് നനയ്ക്കാനെത്തിയ ശ്രീകുമാറിനെ ഷെഫീഖും അബിനും ക്രൂരമായി ആക്രമിക്കുകയായിരുന്നു. ശ്രീകുമാറിനെ കിണറ്റിലേക്ക് അക്രമിസംഘം തള്ളിയിടുന്നത് സമീപവാസികൾ കണ്ടതാണ് വഴിത്തിരിവായത്. ശ്രീകുമാറിന്റെയും ദൃക്സാക്ഷികളുടെടേയും കരച്ചിൽ കേട്ട് കൂടുതൽ നാട്ടുകാർ ഓടിക്കൂടി. ബലപ്രയോഗത്തിലൂടെ ഷെഫീഖിനെയും അബിനെയും പിടികൂടി പൊലീസിനെ ഏൽപിക്കുകയായിരുന്നു. ശ്രീകുമാറിനെയും കിണറ്റിൽ നിന്നും രക്ഷിച്ചു. മംഗലപുരത്ത് നിന്നും കാറിൽ രക്ഷപ്പെട്ട ഷെഫീഖും അബിനും പോകുന്ന വഴിയിൽ ഒരു ലോറിയിലെ മ്യൂസിക് സിസ്റ്റവും സമീപത്തെ കടയിൽ നിന്നും ഗ്യാസ് സിലിണ്ടറും മോഷ്ടിച്ചിരുന്നു.മോഷണത്തിന് ആര്യനാട് പൊലീസ് കേസെടുത്തിരുന്നു. കാറിന്റെ നമ്പർ പരിശോധിച്ചപ്പോഴാണ് മംഗലപുരത്ത് നിന്നും രക്ഷപ്പെട്ടവരാണ് മോഷണത്തിന് പിന്നിലെന്നും തിരിച്ചറിഞ്ഞത്. ജില്ലയിലുടനീളം അന്വേഷണം തെരച്ചിൽ നടത്തുന്നിതിനിടെയാണ് ഷെഫീഖ് വീണ്ടും ആക്രമണം നടത്തിയത്.യുവാവിനെ തട്ടിക്കൊണ്ട് പോയ കേസിലെ അന്വേഷണത്തിനായി എത്തിയ പൊലീസിന് നേരെ വെള്ളിയാഴ്ചയാണ് ഷെഫീഖും സഹോദരൻ ഷെമീറും അമ്മ ഷീജയും ആക്രമണം നടത്തിയത്. ബോംബും മഴുവും എറിഞ്ഞ സംഭവത്തിൽ ഷെമീറിനെയും അമ്മയെയും അന്ന് തന്നെ പിടികൂടിയിരുന്നു. മുങ്ങിയ ഷെഫീഖ് അന്ന് രാത്രി വീട്ടിലത്തിയ പൊലീസിന് നേരെ രണ്ടാമതും ബോംബെറിഞ്ഞിരുന്നു.



# ചെത്ത് തൊഴിലാളിക്ക് പരുക്ക്

**തൃശൂർ:** കള്ള് ചോദിച്ചു കൊടുക്കാത്തതിനു ചെത്തിക്കൊണ്ടിരുന്ന തെങ്ങ് യന്ത്രവാൾകൊണ്ട് മുറിച്ചു മാറ്റി. തെങ്ങിലുണ്ടായിരുന്ന ചെത്തുതൊഴിലാളി ചാടി രക്ഷപ്പെടുന്നതിനിടെ വീണ് കാലൊടിഞ്ഞു.വെള്ളിക്കുളങ്ങര പൊത്തഞ്ചിറയിൽ ഞായറാഴ്ച വൈകീട്ടാണ് സംഭവം. വെള്ളിക്കുളങ്ങര കൈലാൻ വീട്ടിൽ ജയൻ (43)ആണ് പരിക്കേറ്റത്. മരംവെട്ടുതൊഴിലാളി മങ്കൊമ്ബിൽ വീട്ടിൽ ബിസ്മി (45) ആണ് പ്രതി.താഴെ തെങ്ങ് മുറിക്കുന്നതുകണ്ട് ജയൻ ഊർന്നിറങ്ങി ചാടിയപ്പോഴാണ് പരുക്കറ്റത് . പിന്നാലെ തെങ്ങും നിലംപതിച്ചു. സംഭവത്തിൽ ബിസ്മിയെ പോലീസ് അറസ്റ്റ് ചെയ്തു. കള്ള് ചോദിച്ചതുമായി ബന്ധപ്പെട്ട തർക്കമാണ് സംഭവത്തിന് പിറകിലെന്നാണ് പ്രാഥമിക വിവരമെന്ന് പോലീസ് പറഞ്ഞു.

# ഹോളിഗ്രേസിലെ വിദ്യാർത്ഥികൾക്ക് മഞ്ഞപ്പിത്തം ഉണ്ടായ സംഭവം; കോളേജ് അധികൃതർ കുറ്റക്കാർ




**തൃശൂർ** മാള ഹോളിഗ്രേസ് കോളേജിലെ 12 വിദ്യാർത്ഥികൾക്കും ഒരു ജീവനക്കാരിക്കും മഞ്ഞപ്പിത്തം ഉണ്ടായ സംഭവത്തിൽ കുറ്റക്കാർ കോളേജ് അധികൃതരെന്ന് പഞ്ചായത്ത്.വൃത്തിഹീനമായ കോളേജ് അന്തരീക്ഷമാണ് മഞ്ഞപ്പിത്തം ഉണ്ടാകാൻ ഇടയായത്. ക്രിസ്മസ് അവധി കഴിഞ്ഞ് മടങ്ങിവന്ന വിദ്യാർത്ഥികളിൽ ആയിരുന്നു രോഗം സ്ഥിരീകരിച്ചത്.തൃശൂർ ഡിഎംഒയിലെ ഉദ്യോഗസ്ഥനും മാളയിലെ ഹെൽത്ത് ഇൻസ്പെക്ടറും അടങ്ങുന്ന സംഘം ഹോളിഗ്രേസിന്റെ കീഴിലുള്ള സ്കൂളും കോളേജും പരിസരങ്ങളും പരിശോധിച്ചെങ്കിലും ആദ്യ ഘട്ട പരിശോധനയിൽ അസാധാരണമായി ഒന്നും കണ്ടെത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തുകയും കോളേജിന്റെയും സ്കൂളിന്റെയും കോമ്ബൗണ്ടിൽ നിരവധി സ്ഥലത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് കണ്ടെത്തുകയും ചെയ്തു. ഹോളിഗ്രേസിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ പഞ്ചായത്ത് തോട്ടിലേക്കും മറ്റും ഒഴുക്കി വിടുന്നതും മലിനജലം കെട്ടിക്കിടക്കുന്നതായും കണ്ടെത്തി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടെന്ന് ഹോളി ഗ്രേസിലെ ജീവനക്കാർ പറഞ്ഞെങ്കിലും പ്ലാന്റിന് ചുറ്റും ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മലിനജലം കെട്ടിക്കിടക്കുന്നത് പഞ്ചായത്ത് അധികൃതർ കണ്ടെത്തി. ഹോളിഗ്രേസിന്റെ ഉടമസ്ഥതയിലുള്ള കുതിരാലയത്തിൽ നിന്നുള്ള വിസർജ്യങ്ങളും പുറന്തള്ളുന്നത് പഞ്ചായത്ത് തോട്ടിലേക്കാണ്. കൂടാതെ, അനധികൃതമായി നടത്തുന്ന കോളേജ് കാന്റീനിൽ നിന്നും സർക്കാർ നിരോധിച്ച പ്ലാസ്റ്റിക് ഗ്ലാസും പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ കോളേജ് അധികൃതർ ചെയ്ത തെറ്റായ കാര്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മാള പഞ്ചായത്ത് സെക്രട്ടറി കെ ജെ രാജു അറിയിച്ചു.



# കടുവ ആക്രമണം;ചികിത്സ നൽകുന്നതിൽ വീഴ്ച പറ്റിയെന്നാരോപിച്ച് കുടുംബം

**വയനാട്:** കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട തോമസിന് ചികിത്സ നൽകുന്നതിൽ വീഴ്ച പറ്റിയെന്ന് കുടുംബത്തിൻറെ ആരോപണം.മാനന്തവാടി ഗവ. മെഡിക്കൽ കോളജിൽ നല്ല ഡോക്ടറോ നഴ്സോ ഇല്ലായിരുന്നുവെന്ന് തോമസിൻറെ മകൾ സോന പറഞ്ഞു. കൈക്കും കാലിനും ഗുരുതരമായി പരിക്കേറ്റ തോമസിനെ നാട്ടുകാർ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചിരുന്നു.എന്നാൽ ആശുപത്രിയിൽ നിന്നും വേണ്ട രീതിയിൽ ചികിത്സ ലഭിച്ചില്ലെന്നാണ് കുടുംബം പരാതിപെടുന്നത്. തോമസിൻറെ വീട് സന്ദർശിക്കാനെത്തിയ മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ മുൻപിൽ പൊട്ടിക്കരഞ്ഞാണ് മകൾ സോന പരാതി ഉന്നയിച്ചത്. മികച്ച രീതിയിലുള്ള ചികിത്സ ലഭ്യമായിരുന്നെങ്കിൽ തൻറെ അച്ഛൻറെ ജീവൻ രക്ഷിക്കാമായിരുന്നുവെന്നും മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുന്നതിനായി ശ്രമിച്ചപ്പോൾ ഐസിയു ആംബുലൻസിൻറെ കുറവുണ്ടായിരുന്നുവെന്നും മകൾ ആരോപിക്കുന്നു.എന്നാൽ തോമസിന് ലഭ്യമാകുന്ന എല്ലാ ചികിത്സയും നൽകിയിരുന്നുവെന്നും മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുന്നതിനിടയിൽ യാത്രാമധ്യേ ഹൃദയസ്തംഭനം സംഭവിച്ചതാണ് മരണകാരണമെന്നുമാണ് ജില്ലാ മെഡിക്കൽ ഓഫീസർ പറയുന്നത്.

# വയനാട്ടിൽ കടുവകളുടെ എണ്ണം കൂടാൻ കാരണം? ‘പ്രോജക്ട് ടൈഗർ’ പദ്ധതി നടപ്പിലാക്കിയതിൽ പാളിച്ചയോ?



വയനാട്ടിലെ ജനങ്ങളുടെ സൈ്വര്യജീവിതത്തിന് നിരന്തരം ഭീഷണിയായി മാറിയിരിക്കുകയാണ് കാട്ടിൽ നിന്നും നാട്ടിലേക്കെത്തുന്ന കടുവകൾ. മൃഗശാലകളിലും സർക്കസ് കൂടാരങ്ങളിലും മാത്രം കണ്ടുവന്നിരുന്ന കടുവകൾ ഇന്ന് വയനാട്ടിലെ ജനവാസമേഖലകളിൽ സ്ഥിരം സന്ദർശകരായി മാറിയിരിക്കുകയാണ്. വീടുകളുടെ പരിസരങ്ങളിലും കൃഷിയിടങ്ങളിലുമൊക്കെ ഇവ സ്ഥിരമായി എത്താൻ തുടങ്ങിയത് നാട്ടുകാരിൽ ഭീതി പരത്തുകയാണ്.ശനിയാഴ്ചയാണ് മാനന്തവാടിയിൽ കർഷകനെ കൊന്ന കടുവയെ വനംവകുപ്പ് ഉദ്യോഗസ്ഥർ പിടികൂടിയത്. പിന്നാലെ അതേ മേഖലയിൽ മറ്റൊരു കടുവ പ്രത്യക്ഷപ്പെട്ടു. ജില്ലയിൽ ഭീതി പരത്തുന്ന വന്യ ജീവികളെ സംബന്ധിച്ച്, സമീപകാല സംഭവങ്ങൾ ഗുരുതരമായ ചോദ്യങ്ങളാണ് ഉയർത്തുന്നത്. ഈ മേഖലയിലെ വനങ്ങളിൽ, പ്രത്യേകിച്ച് വയനാട് വന്യജീവി സങ്കേതത്തിൽ കടുവകളുടെ എണ്ണം കൂടിവരുന്നതിനെക്കുറിച്ച്, ഉദ്യോഗസ്ഥരും വന്യജീവി വിദഗ്ധരും വനംവകുപ്പിന് മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ജാഗ്രതാ നിർദേശങ്ങൾ പാലിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു എന്നാണ് നിലവിലെ സംഭവങ്ങൾ തെളിയിക്കുന്നത്.756 ചതുരശ്ര കിലോമീറ്ററിൽ പരന്നുകിടക്കുന്നതാണ് വയനാട്ടിലെ വനപ്രദേശം. ഇവിടെ 180 കടുവകളുണ്ടെന്ന് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഒരു വനംവകുപ്പ് ഉദ്യോഗസ്ഥൻ ദ ന്യൂ ഇന്ത്യൻ എക്സ്പ്രസിനോട് പറഞ്ഞു. 344 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതത്തിലാണ് ഇവയിൽ ഭൂരിഭാഗവും ഉള്ളത്. എന്നാൽ, 643.66 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പറമ്ബിക്കുളം കടുവാ സങ്കേതത്തിൽ ഏകദേശം ഇരുപത്തിയഞ്ചോളം കടുവകൾ മാത്രമേയുള്ളൂ. 2,395.73 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന പെരിയാർ കടുവാ സങ്കേതത്തിൽ വെറും 29 കടുവകൾ മാത്രമേയുള്ളൂ എന്ന കാര്യവും ഇവിടെ പ്രത്യേകം ഓർക്കണം.‘പ്രോജക്ട് ടൈഗർ’ പദ്ധതി പ്രകാരം പ്രകാരം, കടുവകളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കർശനമായ മാർഗങ്ങളാണ് വയനാട്ടിൽ കടുവകളുടെ എണ്ണം കൂടാൻ കാരണമായതെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു. ''പ്രോജക്റ്റ് ടൈഗർ പോലുള്ള ഒരു പദ്ധതി നടപ്പിലാക്കുമ്ബോൾ, അത് ഏത് ആവാസവ്യവസ്ഥയിലാണ് പ്രാവർത്തികമാക്കുന്നത് എന്ന കാര്യവും സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതായിരുന്നു'', എന്ന് ഒരു വന്യജീവി വിദഗ്ധൻ ദ ന്യൂ ഇന്ത്യൻ എക്സ്പ്രസിനോട് പറഞ്ഞു. ''കടുവകളുടെ എണ്ണം കുറഞ്ഞു വന്നപ്പോൾ സംസ്ഥാന സർക്കാർ അവയെ സംരക്ഷിക്കുന്നതിലും എണ്ണം വർദ്ധിപ്പിക്കുന്നതിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. അതിനായി ഒരു പദ്ധതിയും നടപ്പിലാക്കി. അതിനായി തിഞ്ഞെടുത്ത സ്ഥലം മാത്രം തെറ്റായ തീരുമാനമായിപ്പോയി. അതിന്റെ അനന്തരഫലമാണ് വയനാട് നിവാസികൾ ഇപ്പോൾ അനുഭവിക്കുന്നത്. നിത്യഹരിത വനമായ പെരിയാർ കടുവാ സങ്കേതത്തിൽ നിന്ന് വ്യത്യസ്തമായി, വയനാട്ടിലുള്ളത് അർദ്ധ ഇലപൊഴിയും വനങ്ങളാണ്. ഇവ ഇപ്പോൾ കടുവകളുടെ പ്രജനന കേന്ദ്രമായി മാറിയിരിക്കുന്നു'', എന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

എല്ലാത്തരം വെജിറ്റേറിയൻ ഭക്ഷണ പദാർത്ഥങ്ങളും മിതമായ നിരക്കിൽ ചെയ്തു കൊടുക്കുന്നു.

SREE HARI
OUTDOOR CATERERS

രുചികരമായ സദ്യക്ക്........

Kalathil Krishna Bhavan,
Eduthala P.O., Aluva -683561
Suresh Kartha Ph:9400389235,8927307734



We undertake all type of vegetarian foods

കാറ്ററിംഗ് രംഗത്ത് പരിചയസമ്പന്നനായ സുരേഷ് കാർത്തയുടെ നേതൃത്വത്തിൽ കുടുംബാന്തരീക്ഷത്തിൽ സദ്യ ഒരുക്കുന്നു.ആവശ്യക്കാർക്ക് സ്ഥലത്ത് ചെന്നും സദ്യ ഒരുക്കിക്കൊടുക്കും



# ജൂണിന്റെ പ്രവർത്തനങ്ങൾ ഇനി ഓസ്ട്രേലിയയിലേക്കും

**കൊച്ചി:** ജൂണിന്റെ പ്രവർത്തനം ഓസ്ട്രേലിയയിലേക്കും. ഇന്ന് 12023 ജനുവരി 12-ന് കൊച്ചിയിലെ താജ് ഗേറ്റ്വേയിൽ നടന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഫോർ കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഇവന്റിൽ ഇന്ത്യ ഓസ്ട്രേലിയ ഉഭയകക്ഷി വ്യാപാര ഉടമ്പടി സാമ്പത്തിക സഹകരണ വ്യാപാര കരാർ (ഇസിടിഎ) മെച്ചപ്പെടുത്തുന്ന വ്യാപാരവും ബിസിനസ്സും' എന്ന ചർച്ചയിലായിരുന്നു ഈ കാര്യം പ്രഖ്യാപിച്ചത്. ചടങ്ങിൽ ദക്ഷിണേന്ത്യയിലെ ഓസ്ട്രേലിയ കോൺസൽ ജനറൽ ശ്രീമതി സാറാ കില് ആയിരുന്നു മുഖ്യാതിഥി, നെതർലൻഡ്സിലെ മുൻ ഇന്ത്യൻ അംബാസഡർ ശ്രീ വേണു രാജാമണി (is) ഓസ്ട്രേലിയിലെ ഇന്ത്യ ബിസിനസ് കൗൺസിൽ നാഷണൽ പ്രസിഡന്റ് മിസ്. ജുഡി മക്കെ, മിസ്റ്റർ ജിമ്മി ജേക്കബ് (CEO, ജൂൺ), ഡോ. ബിജി കുമാർ ആർ സിഇഒ ജൂൺ), അനസൈനുലാബ്ദീൻ (ഡയറക്ടർ, ജൂൺ-ഓസ്ട്രേലിയ ഉൾപ്പെടെയുള്ള പ്രമുഖർ ചർച്ചയുടെ ഭാഗമായിരുന്നു.പുനരുപയോഗ ഊർജം, സൈബർ സുരക്ഷ, ആരോഗ്യ സംരക്ഷണം, ലോജിസ്റ്റിക്സ്, ബാങ്കിംഗ്, ഇ-കൊമേഴ്സ്, എഡ് ടെക്, ടൂറിസം, ഇ. ഗവേണൻസ്, മീഡിയ, വിനോദ മേഖലകൾ എന്നിവയ്ക്കായുള്ള നൂതന ടി സൊല്യൂഷനുകളിൽ വൈദഗ്ധ്യമുള്ള ജൂണിന്റെ പ്രവർത്തനങ്ങൾ ഓസ്ട്രേലിയയിൽ നയിക്കുന്നത് ജൂൺ സിഇഒ ജിമ്മി ജേക്കബ്, ജൂൺ ഓസ്ട്രേലിയ പ്രസിഡന്റ് ഇർഫാൻ മാലിക്, ജൂൺ ഡയറക്ടറും സി.ഒ.ഒയുമായ അനസ് സൈനുലാബ്ദീൻ എന്നിവർ ചേർന്നാണ്.ശ്രീ ജിമ്മി ഒരു ടെക്നോക്രാറ്റും സോഫ്റ്റ്വെയർ, വിദ്യാഭ്യാസം, നിർമ്മാണം. കയറ്റുമതി, വിനോദ മേഖലകളിൽ താൽപ്പര്യമുള്ള സംരംഭകനുമാണ്. ഓസ്ട്രേലിയയിലെ സിഡ്നി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിൽ ലിമിറ്റഡിന്റെ പ്രസിഡന്റാണ് ഇർഫാൻ മാലിക് ജൂൺ ഓസ്ട്രേലിയയിൽ പ്രവർത്തനം ആരംഭിക്കുമെന്ന്പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ് ബ്ലോക്ക് ചെയിൻ,ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, മെഷീൻലേണിംഗ്, ഐടി, ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കാൻ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ ഒരു ടീമിനൊപ്പം മികച്ച നിലവാരം പുലർത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ് ഉപഭോക്താക്കൾക്കുള്ള സേവനങ്ങളും പരിഹാരങ്ങളും, വൈദഗ്ധ്യവും വ്യക്തിഗത സമീപനവും വ്യവസായത്തിൽ ഞങ്ങളെ വേറിട്ടുനിർത്തുകയും പ്രാദേശിക സമൂഹത്തിൽ നല്ല സ്വാധീനം ചെലുത്താൻ സഹായിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു. ഓസ്ട്രേലിയൻ വിപണിയിലും ജൂണിന്റെ പ്രവർത്തനം ആരംഭിക്കാനും ഞങ്ങളുടെ മുദ്ര പതിപ്പിക്കാനും ഞങ്ങൾ കാത്തിരിക്കുകയാണ്. സ്ഥാപകൻ/സി.ഇ.ഒ ശ്രീ ജിമ്മി പറഞ്ഞു.'പുനരുപയോഗ ഊർജം, സൈബർ സുരക്ഷ തുടങ്ങിയ വളർന്നുവരുന്ന മേഖലകളിലെ ഞങ്ങളുടെ വൈദഗ്ധ്യം ഓസ്ട്രേലിയൻ വിപണിയിലേക്ക് കൊണ്ടുവരുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ് അതോടൊപ്പം ഈ സാങ്കേതികവിദ്യകളുടെ മേന്മ അവിടുത്തെ പ്രാദേശിക ബിസിനസുകളുടെയും ഓർഗനൈസേഷനുകളുടെയും പ്രവർത്തനങ്ങളിലും കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് ജൂൺ സി.ഒ.ഒ ഡോ. ബിജി കുമാർ പറഞ്ഞു. ജൂൺ പുനരുപയോഗ ഊർജം, സൈബർ സുരക്ഷ, ആരോഗ്യ സംരക്ഷണം, ലോജിസ്റ്റിക്സ്, ബാങ്കിംഗ്, ഇ-കൊമേഴ്സ്, എഡ്-ടെക്, ടൂറിസം, ഇ ഗവേണൻസ്, മീഡിയ വിനോദ മേഖലകൾ എന്നിവയ്ക്കായുള്ള നൂതന ഐടി സൊല്യൂഷനുകളിൽ വൈദഗ്ധ്യമുള്ള ജൂൺ, അത്യാധുനിക സാങ്കേതികവിദ്യകൾ നൽകുന്നതിന് പ്രാദേശിക, അന്തർദേശീയ ക്ലയന്റുകളുമായി പ്രവർത്തിക്കും. അതിവേഗം വളരുന്ന ഈ വ്യവസായങ്ങളിലെ സേവനങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കും. അടുത്ത സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ എണ്ണം 500 ആയി ഉയർത്താനും കമ്പനി പദ്ധതിയിടുന്നു.ജൂണിന്റെ സേവനങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും ദയവായി ബന്ധപ്പെടുക. ഡോ. ബിജി കുമാർ സി.ഒ.ഒ ജൂൺ 9995890580 https://www.juneits.com/



# എസ്ബിഐ ഡബ്ലിയുഡിആർഎയുമായി ധാരണയിൽ

**കൊച്ചി:** ഇലക്ട്രോണിക് നെഗോഷ്യബിൾ വെയർഹൗസ് രശീതികളുടെ പിൻബലത്തിലുള്ള വായ്പകൾ പ്രോൽസാഹിപ്പിക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും വെയർഹൗസിങ് ഡവലപ്മെൻറ് ആൻറ് റഗുലേറ്ററി അതോറിറ്റിയും (ഡബ്ലിയുഡിആർഎ) ധാരണാപത്രം ഒപ്പു വെച്ചു. എസ്ബിഐ ചെയർമാൻ ദിനേഷ് ഖാരയും ഡബ്ലിയുഡിആർഎ ചെയർമാൻ ടികെ മനോജ് കുമാറും ഇതിനായുള്ള ധാരണാപത്രം കൈമാറി.വായ്പകൾ സംബന്ധിച്ച കൂടുതൽ തെരഞ്ഞെടുപ്പുകൾ നൽകി കാർഷിക മേഖലയ്ക്ക് പിന്തുണ നൽകുന്നതാണ് ഈ നടപടിയെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ എസ്ബിഐ ചെയർമാൻ ദിനേഷ് ഖാര പറഞ്ഞു.



# ജാരോ വാർട്ടൺ ഇൻററാക്റ്റീവ് സഹകരണം

**കൊച്ചി:** ഇന്ത്യയിലെ പഴക്കമേറിയതും ഏറ്റവും വിശ്വസ്തവുമായ എഡ്ടെക് കമ്പനി ജാരോ എഡ്യുക്കേഷൻ, പെൻസിൽവാനിയ യൂണിവേഴ്സിറ്റിയുടെ വാർട്ടൺ സ്കൂളിൻറെ സംരംഭവും ഐവി ലീഗ് യൂണിവേഴ്സിറ്റികളിൽ ഏറ്റവും മികച്ചതുമായി കരുതുന്ന വാർട്ടൺ ഇൻററാക്റ്റീവുമായി സഹകരിച്ച് ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കായി അഡ്വാൻസ്ഡ് സ്ട്രാറ്റജി ആൻഡ് ലീഡർഷിപ്പ് പ്രോഗ്രാം അവതരിപ്പിക്കുന്നു.ഇന്ത്യയിലെ ഇത്തരം ആദ്യ സഹകരണത്തിലൂടെ ജാരോ ഐവി ലീഗ് എംബിഎ നിലവാരത്തിലുള്ള പഠനാനുഭവമാണ് ഇന്ത്യയിലേക്കെത്തിക്കുന്നത്. അഞ്ചു മോഡ്യൂളുകൾ ഉൾപ്പെട്ടതാണ് പാഠ്യ പദ്ധതി.






# മമ്മൂട്ടിയുടെ നൻപകൽ നേരത്ത് മയക്കം തീയറ്ററുകളിലേക്ക്

മമ്മൂട്ടി-ലിജോ ജോസ് പെല്ലിശ്ശേരി ടീമിന്റെ നൻപകൽ നേരത്ത് മയക്കം തീയറ്റർ റിലീസിനൊരുങ്ങുന്നു. ജനുവരി പത്തൊൻപതിനാണ് ചിത്രം തീയറ്ററുകളിൽ എത്തുന്നത്. ചിത്രത്തിന്റെ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു. മമ്മൂട്ടിയുടെ പ്രകടനവും ലിജോ ജോസ് പെല്ലിശ്ശേരിയുടെ മേക്കിംഗുമാണ് ചിത്രത്തിന്റെ ഹൈലൈറ്റ്. മമ്മൂട്ടിയുടെ വിസ്മയിപ്പിക്കുന്ന പ്രകടനം കാണാൻ തീയറ്ററുകളിൽ ആളുകളെത്തുമെന്ന പ്രതീക്ഷയിലാണ് അണിയറപ്രവർത്തകർ. അഡ്വാൻസ് ബുക്കിംഗിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.മമ്മൂട്ടി കമ്പനിയുടെ ബാനറിലുള്ള ആദ്യത്തെ ചിത്രമാണ് 'നൻപകൽ നേരത്ത് മയക്കം'. ചിത്രം തീയറ്ററുകളിൽ എത്തിക്കുന്നത് ദുൽഖർ സൽമാന്റെ വേഫേറെർ ഫിലിംസ് ആണ്. ട്രൂത്ത് ഫിലിംസാണ് ഓവർസീസ് റിലീസ് നടത്തുന്നത്. പൂർണമായും തമിഴ്നാട്ടിൽ ചിത്രീകരിക്കുന്ന സിനിമ മലയാളത്തിലും തമിഴിലുമായാണ് റിലീസിനൊരുങ്ങുന്നത്. ഇക്കഴിഞ്ഞ കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മത്സര വിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രത്തിന് മികച്ച പ്രതികരണം ലഭിച്ചിരുന്നു.മമ്മൂട്ടിക്ക് പുറമേ അശോകൻ, രമ്യാ പാണ്ഡ്യൻ, കൈനകരി തങ്കരാജ്, ടി സുരേഷ് ബാബു, ചേതൻ ജയലാൽ, അശ്വത് അശോക് കുമാർ, സഞ്ജന ദിപു തുടങ്ങിയവരും ചിത്രത്തിൽ വേഷമിട്ടു. എസ് ഹരീഷിന്റേതാണ് ചിത്രത്തിന്റെ തിരക്കഥ. തേനി ഈശ്വർ ആണ് ഛായാഗ്രാഹണം നിർവഹിച്ചിരിക്കുന്നത്. ദീപു എസ് ജോസഫാണ് എഡിറ്റർ. ഡിജിറ്റൽ മാർക്കറ്റിംഗ് വിഷ്ണു സുഗതനും അനൂപ് സുന്ദരനും നിർവഹിച്ചിരിക്കുന്നു. പ്രതീഷ് ശേഖറാണ് പിആർഒ.

# മഞ്ജു വാര്യർ ഇനി ബൈക്കിൽ ചുറ്റും; ലൈസൻസ് സ്വന്തമാക്കി താരം

മലയാളത്തിന്റെ പ്രിയ താരമാണ് മഞ്ജു വാര്യർ. നീണ്ട ഇടവേളയ്ക്ക് ശേഷം മലയാള സിനിമയിൽ തിരിച്ചെത്തിയ താരം മലയാളത്തിന് പുറമേ തമിഴിലും തിരക്കിട്ട താരമായി. തമിഴിൽ അജിത്ത് നായകനായി എത്തിയ തുനിവാണ് മഞ്ജുവിന്റേതായി ഒടുവിൽ പുറത്തിറങ്ങിയ ചിത്രം. ഇപ്പോഴിതാ ബൈക്കിൽ യാത്ര ചെയ്യണമെന്ന തന്റെ ആഗ്രഹം സഫലമാക്കാൻ ലൈസൻസ് സ്വന്തമാക്കിയിരിക്കുകയാണ് താരം.എറണാകുളം കാക്കനാട് ആർടി ഓഫീസിനു കീഴിലായിരുന്നു താരം ടെസ്റ്റിന് പങ്കെടുത്തത്. തല അജിത്തിനൊപ്പം ബൈക്ക് യാത്രയ്ക്ക് പോയതിനു ശേഷം തനിക്കും സ്വന്തമായി ബൈക്ക് ഓടിക്കണം എന്ന് മഞ്ജു വാര്യർ ഇന്റർവ്യൂകളിൽ പറയുകയുണ്ടായി. അതിന്റെ ആദ്യപടി എന്നോണമാണ് താരം ലൈസൻസ് സ്വന്തമാക്കിയത്. ടെസ്റ്റ് ഗ്രൗണ്ടിൽ നിന്ന് ആർ.ടി ഓഫീസർമാർക്കൊപ്പം പകർത്തിയ താരത്തിന്റെ ചിത്രങ്ങൾ വൈറലാണ്.ആയിഷയാണ് ഇനി മഞ്ജുവിന്റേതായി പുറത്തിറങ്ങാനുള്ള ചിത്രം. നവാഗതനായ ആമിർ പള്ളിക്കൽ ആണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. നീണ്ട ഇടവേളയ്ക്ക് ശേഷം റാസൽ ഖൈമയിൽ ചിത്രീകരിക്കുന്ന മലയാള ചിത്രമാണ് ആയിഷ. ചിത്രത്തിന്റെ രചന ആഷിഫ് കക്കോടിയാണ് നിർവഹിച്ചിരിക്കുന്നത്. ജനുവരി ഇരുപതിന് ചിത്രം തീയറ്ററുകളിൽ എത്തും.





# അമൃത സുരേഷിന് യുഎഇ ഗോൾഡൻ വിസ

ഗായിക അമൃത സുരേഷിന് യുഎഇ ഗോൾഡൻ വിസ ലഭിച്ചു. ദുബായിലെ മുൻനിര സർക്കാർ സേവന ദാതാക്കളായ ഇസിഎച്ച് ഡിജിറ്റൽ ആസ്ഥാനത്ത് എത്തി സിഇഒ ഇഖ്ബാലിൽ നിന്ന് അമൃത യുഎഇ ഗോൾഡൻ വിസ ഏറ്റുവാങ്ങി.നേരത്തേ മലയാള സിനിമ, സംഗീത മേഖലയിൽ നിന്ന് നിരവധി പേർക്ക് ഗോൾഡൻ വിസ ലഭിച്ചിരുന്നു. മമ്മൂട്ടി, മോഹൻലാൽ, ടൊവിനോ, പൃഥ്വിരാജ്, നൈല ഉഷ, ഭാവന, ഭാമ, റോമ തുടങ്ങി നിരവധി പേർക്ക് ഗോൾഡൻ വിസ ലഭിച്ചിരുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും നിക്ഷേപകർക്കും ബിസിനസുകാർക്കുമൊക്കെ യുഎഇ ഭരണകൂടം അനുവദിക്കുന്നതാണ് ഗോൾഡൻ വിസകൾ. പത്ത് വർഷത്തെ കാലാവധിയുള്ള ഈ വിസകൾ, കാലാവധി പൂർത്തിയാവുമ്പോൾ പുതുക്കി നൽകുകയും ചെയ്യും. ഗോൾഡൻ വിസ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ അടുത്തിടെ യുഎഇ ഇളവ് പ്രഖ്യാപിച്ചിരുന്നു. കൂടുതൽ വിഭാഗങ്ങളിലേക്ക് ഗോൾഡൻ വിസയുടെ പ്രയോജനം എത്തിക്കാനാണ് യുഎഇ ലക്ഷ്യമിടുന്നത്.

# 'വിജയക്കൊടി പാറിച്ച് ഉണ്ണി മുകുന്ദൻ'; 25 കോടി ക്ലബ്ബിൽ ഇടം പിടിച്ച് മാളികപ്പുറം

ഉണ്ണി മുകുന്ദൻ നായകനായി എത്തിയ മാളികപ്പുറം എന്ന ചിത്രം മികച്ച പ്രേക്ഷക പ്രതികരണം നേടി മുന്നേറുകയാണ്. ഇപ്പോഴിതാ ചിത്രം 25 കോടി ക്ലബ്ബിൽ ഇടം നേടിയിരിക്കുകയാണ്. ഉണ്ണി മുകുന്ദന്റെ ആദ്യ 25 കോടി ക്ലബ്ബ് ചിത്രമാണിത്. ഇത് കൂടാതെ സിനിമയുടെ റീമേക്ക് റൈറ്റ്സ്, സാറ്റലൈറ്റ്, ഒടിടി എന്നീ മേഖലകളിലും മികച്ച ബിസിനസ് സ്വന്തമാക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് അണിറപ്രവർത്തകർ. ഡിസംബർ 30നായിരുന്നു മാളികപ്പുറം റിലീസ് ചെയ്തത്. ആദ്യ ദിനം തന്നെ ചിത്രത്തിന് മികച്ച പ്രതികരണം ലഭിച്ചു. രണ്ടാം വാരമെത്തിയപ്പോൾ കേരളത്തിലെ ചിത്രത്തിന്റെ സ്ക്രീൻ കൗണ്ട് വർധിച്ചു. 140 തീയറ്ററുകളിൽ റിലീസ് ചെയ്ത ചിത്രം രണ്ടാം വാരമെത്തിയപ്പോൾ 170 സ്ക്രീനുകളിലെത്തി. കേരളത്തിൽ നിന്ന് മാത്രം ഇതിനോടകം 18 കോടിയിലധികം രൂപയാണ് ചിത്രം കളക്ട് ചെയ്തത്. അജിത്തിന്റെ തുനിവും വിജയിയുടെ വാരിസും കേരളത്തിലെ തീയറ്ററുകൾ കീഴടക്കിയിട്ടും മാളികപ്പുറം കുലുങ്ങിയില്ല. ചിത്രം വിജയ പ്രദർശനം തുടർന്നു.





# ഡബ്ല്യൂ ഐപിഎല്ലുമായി ബിസിസിഐ ; വിരമിച്ച ഈ സൂപ്പർതാരങ്ങളെല്ലാം തിരിച്ചു വരുന്നു

ഏതാനും മാസങ്ങൾ കഴിയുമ്പോൾ ബിസിസിഐ തുടങ്ങാനിരിക്കുന്ന വനിതകളുടെ ഐപിഎൽ ക്രിക്കറ്റിൽ പങ്കെടുക്കാൻ ഇന്ത്യയുടെ വിരമിച്ച സൂപ്പർതാരങ്ങളും.ഡബ്ല്യൂ ഐപിഎല്ലിന്റെ ആദ്യ പതിപ്പിന്റെ ഭാഗമാകാൻ ആകാംഷയോടെ കാത്തിരിക്കുകയാണെന്ന് ഇന്ത്യയുടെ മുൻ നായിക മിതാലി രാജ് പറഞ്ഞു. വിരമിച്ച മിതാലി ക്രിക്കറ്റിൽ നിന്നും തിരിച്ചുവരാനൊരുങ്ങുകയാണ്.അന്താരാഷ്ട്ര ക്രിക്കറ്റിൽ 89 ടിന്റിടിന്റി മത്സരം കളിച്ചിട്ടുള്ള മിതാലി 2,364 റൺസും ഇന്ത്യയ്ക്കായി നേടിയിട്ടുണ്ട് കഴിഞ്ഞ വർഷം ജൂണിലായിരുന്നു ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിക്കുന്നതായി മിതാലി രാജ് വ്യക്തമാക്കിയത്. എന്നാൽ ബിസിസിഐ വനിതകളുടെ ഐപിഎൽ ഈ വർഷം തുടങ്ങാനിരിക്കെ റിട്ടയർമെന്റിൽ നിന്നും തിരിച്ചുവരാനുള്ള തീരുമാനത്തിലാണ് മിതാലി. 2019 ൽ ഇംഗ്ളണ്ടിനെതിരേയാണ് മിതാലി അവസാന ടിടന്റി കളിച്ചത്.2023 മാർച്ചിലാണ് ഡബ്ല്യൂഐപിഎൽ തുടങ്ങുന്നത്. കളിയുടെ മാധ്യമഅവകാശം വയാകോം 18 ഇതിനകം വാങ്ങിക്കഴിഞ്ഞു. 2023 മുതൽ 27 വരെയുള്ള കരാർ 951 കോടി രൂപയ്ക്കാണ് ഇവർ സ്വന്തമാക്കിയത്. വനിതകളുടെ ഐപിഎല്ലിലേക്ക് തിരിച്ചുവരാൻ ഒരുങ്ങുന്ന ക്രിക്കറ്റിൽ നിന്നും വിരമിച്ച മറ്റൊരു താരം പേസർ ജൂലൻ ഗോസ്വാമിയാണ്. 2022 സെപ്തംബറിൽ ഇംഗ്ളണ്ടിനെതിരേയുള്ള മത്സരത്തിലാണ് ജൂലൻ അവസാനമായി കളിച്ചത്.




# റിയാദ് സീസൺ കപ്പ്: റൊണാൾഡോ നയിക്കുന്ന ടീമിനെ ഇന്ന് പ്രഖ്യാപിക്കും

**റിയാദ്:** റിയാദിലെ കിങ് ഫഹദ് ഇൻറർനാഷനൽ സ്റ്റേഡിയത്തിൽ അടുത്ത വ്യാഴാഴ്ച രാത്രിയിലെ റിയാദ് സീസൺ കപ്പ് ഫുട്ബാൾ മത്സരത്തിൽ പ്രമുഖ ഫ്രഞ്ച് ക്ലബ് പി.എസ്.ജി ടീമിനോട് ഏറ്റുമുട്ടുന്ന അൽനസ്ര്, അൽഹിലാൽ സംയുക്ത ടീമിനെ ചൊവ്വാഴ്ച പ്രഖ്യാപിക്കും.ടീമിനെ നയിക്കുന്നത് ലോക സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയാണ്. അടുത്തിടെ അൽനസ്ര് ക്ലബിൽ ചേർന്ന റൊണാൾഡോക്ക് ജനറൽ എൻറർടെയ്ൻമെൻറ് അതോറിറ്റി ചെയർമാൻ തുർക്കി ബിൻ അബ്ദുൽ മുഹ്സിൻ ആലുശൈഖ് റിയാദ് സീസൺ ടീമിൻെറ നായകസ്ഥാനം കൈമാറി. ടീം ക്യാപ്റ്റൻെറ ബാഡ്ജ് റൊണാൾഡോയെ അദ്ദേഹം അണിയിച്ചു.ഫുട്ബാൾ താരങ്ങൾക്കും ആരാധകർക്കും വേണ്ടി നടക്കുന്ന ഏറ്റവും വലിയ കായിക സംഗമത്തിൽ അൽഹിലാൽ, അൽനസ്ര് താരങ്ങൾ അടങ്ങുന്ന ടീമിനെ റൊണാൾഡോ നയിക്കുമെന്ന് അതോറിറ്റി ചെയർമാൻ പ്രഖ്യാപിച്ചു. മത്സരത്തിൽ റിയാദ് സീസൺ കപ്പ് ടീമിനെ നിയന്ത്രിക്കുന്ന മാനേജർ ചുമതല സൗദി ദേശീയ ടീമിലെയും ശബാബ് ക്ലബ്ബിലെ മുൻ താരവുമായ ഖാലിദ് അൽഷാനിക്കായിരിക്കും. ഷാനിഫും പരിശീലകൻ മാർസെലോ ഗല്ലാർഡോയും ചേർന്ന് റിയാദ് സീസൺ കപ്പ് ടീമിനെ ചൊവ്വാഴ്ച പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഈ മത്സരത്തിൽ തൻെറ പേര് പതിച്ച ഏഴാം നമ്പർ ജഴ്സി ധരിച്ചാണ് റോണാൾഡോ കളത്തിലിറങ്ങുന്നത്.വ്യാഴാഴ്ച രാത്രി എട്ടിനാണ് റിയാദ് സീസൺ കപ്പ് ഫുട്ബാൾ മത്സരം കിങ് ഫഹദ് സ്റ്റേഡിയത്തിൽ നടക്കുക. അൽനസ്ര്, അൽഹിലാൽ കളിക്കാരും പി.എസ്.ജിയും ഏറ്റുമുട്ടുന്ന മത്സരം വീക്ഷിക്കാനുള്ള ടിക്കറ്റുകൾ മുഴുവനും ഒരാഴ്ച മുമ്പേ വിറ്റുപോയി. സ്റ്റേഡിയത്തിൽ

# 'ദ്രാവിഡും ഞെട്ടി, കാരണം ചോദിച്ചു; മന്ത്രിയേയും സർക്കാരിനേയും കുറ്റപ്പെടുത്താൻ പാടില്ലല്ലോ..'; പ്രതികരണവുമായി കെസിഎ പ്രസിഡന്റ്





**തിരുവനന്തപുരം:** കാര്യവട്ടം ഏകദിന മത്സരത്തിൽ കാണികൾ കുറയാൻ കാരണം കായിക മന്ത്രി വി.അബ്ദുറഹിമാന്റെ പരാമർശമാണെന്ന് ആവർത്തിച്ച് കെസിഎ പ്രസിഡന്റ്. കെസിഎയാണ് മത്സരത്തിന്റെ സംഘാടകർ എന്നകാര്യം ആരും തിരിച്ചറിഞ്ഞില്ല. മന്ത്രിയുടെ പരാമർശങ്ങൾ കാണികളെ ചൊടിപ്പിച്ചു. സർക്കാരാണ് ടൂർണമെന്റ് നടത്തുന്നതെന്ന് അവർ തെറ്റിദ്ധരിച്ചു. അതിനാലാണ് ബോയ്കോട്ട് ക്യാമ്പൈൻ നടന്നതെന്നും അസോസിയേഷൻ പ്രസിഡന്റ് ജയേഷ് ജോർജ് പറഞ്ഞു.കാണികൾ കുറഞ്ഞതിനെക്കുറിച്ച് പരിശീലകൻ രാഹുൽ ദ്രാവിഡ് തന്നോട് തിരക്കിയതായും 5,000 രൂപയുടെ ടിക്കറ്റ് മാത്രമേ വിറ്റിട്ടുള്ളു എന്ന് കേട്ടപ്പോൾ അദ്ദേഹം ഞെട്ടിയതായും ജയേഷ് ജോർജ് പറഞ്ഞു. പരീക്ഷയും ഉത്സവങ്ങളും കാരണമാണ് കാണികളുടെ എണ്ണം കുറഞ്ഞതെന്നായിരുന്നു താൻ ബിസിസിഐയ്ക്ക് നൽകിയ മറുപടി. സർക്കാരിനെയും മന്ത്രിയെയും കുറ്റപ്പെടുത്താൻ ആകില്ലല്ലോയെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു.40,000 പേർ കൊള്ളുന്ന സ്റ്റേഡിയത്തിൽ ആകെ എത്തിയത് 6,000 താഴെ കാണികൾ മാത്രമാണ് പണംമുടക്കി മത്സരം കാണാൻ എത്തിയതെന്ന് കെസിഎ അറിയിച്ചു. സ്റ്റേഡിയം കാലിയായി കിടന്നതിൽ ഇതിൽ ആശ്ചര്യം പ്രകടിപ്പിച്ച് മുൻ ഇന്ത്യൻ താരം യുവരാജ് സിംഗ് അടക്കമുള്ളവർ രംഗത്തെത്തിയിരുന്നു.



# സ്പാനിഷ് സൂപ്പർ കപ്പ്;റയൽ മാഡ്രിഡിനെ പരാജയപ്പെടുത്തി ബാഴ്സലോണയ്ക്ക് കിരീടം

**റിയാദ്:** ആവേശകരമായ സ്പാനിഷ് സൂപ്പർ കപ്പ് ഫൈനലിൽ റയൽ മാഡ്രിഡിനെ പരാജയപ്പെടുത്തി ബാഴ്സലോണ കിരീടം സ്വന്തമാക്കി .സൗദി അറേബ്യയിൽ നടന്ന എൽ ക്ലാസിക്കോ മത്സരത്തിൽ ബാഴ്സലോണ 3-1ന് വിജയിച്ചു.കിങ് ഫഹദ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ബാഴ്സലോണയുടെ വിജയം ആധികാരികമായിരുന്നു. 33-ാം മിനിറ്റിൽ ഗാവിയിലൂടെ ബാഴ്സ ലീഡെടുക്കുകയായിരുന്നു . 45-ാം മിനിറ്റിൽ റോബർട്ട് ലെവൻഡോവ്സ്കി ലീഡുയർത്തി. 69-ാം മിനിറ്റിൽ പെഡ്രിയാണ് ബാഴ്സലോണയുടെ വിജയഗോൾ നേടിയത്. എന്നാൽ ഇഞ്ചുറി ടൈമിൽ കരീം ബെൻസേമയിലൂടെ റയൽ ഒരു ഗോൾ നേടിയതോടെ ബാഴ്സയ്ക്ക് ക്ലീൻ ഷീറ്റ് നഷ്ടമായി.

EDITORS CHOICE






# രാജ്യത്തെ സമ്പത്തിന്റെ 40 ശതമാനവും അതിസമ്പന്നരുടെ കൈയ്യിൽ; ജിഎസ്ടിയുടെ പകുതിയും നൽകുന്നത് സാധാരണക്കാർ

**ദില്ലി:** ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകൾ രാജ്യത്തിൻറെ ആകെ സാമ്പത്തിന്റെ 40 ശതമാനത്തിലധികം കൈവശം വെച്ചിരിക്കുന്നതായി റിപ്പോർട്ട്. അതേസമയം, ജനസംഖ്യയുടെ പകുതിവരുന്ന താഴെത്തട്ടിലുള്ള ജനങ്ങളുടെ സമ്പത്ത് ഒന്നിച്ച് ചേർത്താൽപോലും വരുന്നത് മൂന്ന് ശതമാനം മാത്രമാണെന്ന് ഓക്സ്ഫാം ഇന്ത്യയുടെ റിപ്പോർട്ട്. സ്വയംഭരണാധികാരമുള്ള ഇന്ത്യൻ സംഘടനയാണ് ഓക്സ്ഫാം ഇന്ത്യ. കുട്ടികളുടെ വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ഇന്ത്യയിലെ അസമത്വം എന്നിവയ്ക്കായി പ്രവർത്തിക്കുന്ന എൻ ജി ഒ ആണിത്. ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകൾക്ക് താഴെത്തട്ടിലുള്ള 50 ശതമാനത്തേക്കാൾ 13 മടങ്ങ് കൂടുതൽ സ്വത്ത് ഉണ്ടെന്ന് ഓക്സ്ഫാം ഇന്ത്യയുടെ റിപ്പോർട്ട് പറയുന്നു. മൊത്തം സമ്പത്തിന്റെ 61.7 ശതമാനവും സമ്പന്നരായ അഞ്ച് ശതമാനത്തിന് സ്വന്തമായുണ്ട്, ഇത് താഴെത്തട്ടിലുള്ള 50 ശതമാനം ജനങ്ങളുടെ ഉടമസ്ഥതയിലുള്ള 3 ശതമാനത്തേക്കാൾ 20 മടങ്ങ് കൂടുതലാണ്. അതേസമയം ഏറ്റവും ശ്രദ്ധേയമായ കാര്യം, ചരക്ക് സേവന നികുതിയുടെ (ജിഎസ്ടി) ഏകദേശം 64 ശതമാനവും ജനസംഖ്യയുടെ താഴെ തട്ടിലുള്ള 50 ശതമാനം ജനങ്ങളാണ് നൽകുന്നത് എന്നുള്ളതാണ്. ജിഎസ്ടിയുടെ 3 ശതമാനം മാത്രമാണ് അതിസമ്പന്നർ നൽകുന്നത്. ഇന്ത്യയിലെ പത്ത് സമ്പന്നരിൽ നിന്ന് അഞ്ചുശതമാനം നികുതി ഈടാക്കിയാൽ രാജ്യത്തെ മുഴുവൻ കുട്ടികളെയും സ്കൂളുകളിലേയ്ക്ക് തിരികെയെത്തിക്കാൻ സാധിക്കുമെന്ന് ഓക്സ്ഫാം റിപ്പോർട്ട് ചൂണ്ടികാണിക്കുന്നു. ഗൗതം അദാനി എന്ന ശതകോടീശ്വരനിൽ നിന്ന് 2017-2021 വരെയുള്ള നേട്ടങ്ങൾക്ക് ഒറ്റത്തവണ നികുതി ചുമത്തിയാൽ 1.79 ലക്ഷം കോടി രൂപ സമാഹരിക്കാനാകും എന്നും ഇത് ഒരു വർഷത്തേക്ക് അഞ്ച് ദശലക്ഷത്തിലധികം ഇന്ത്യൻ പ്രൈമറി സ്കൂൾ അധ്യാപകരെ നിയമിക്കാൻ സഹായകമാകും എന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഇന്ത്യയിലെ ശതകോടീശ്വരന്മാർക്ക് അവരുടെ മുഴുവൻ സ്വത്തിനും 2 ശതമാനം നികുതി ചുമത്തിയാൽ, അടുത്ത മൂന്ന് വർഷത്തേക്ക് രാജ്യത്തെ പോഷകാഹാരക്കുറവുള്ളവരുടെ ഭക്ഷണത്തിനായി വേണ്ട 40,423 കോടി രൂപ സമാഹരിക്കാൻ സാധിക്കുമെന്ന് സർവൈവൽ ഓഫ് ദ റിച്ചസ്റ്റ്' എന്ന തലക്കെട്ടിലുള്ള റിപ്പോർട്ടിൽ പറയുന്നു. അതേസമയം രാജ്യത്ത് ലിഗസമത്വം തൊഴിലിന്റെ കാര്യത്തിൽ ഇല്ലായെന്ന് റിപ്പോർട്ട് ചൂണ്ടികാണിക്കുന്നു. ഒരു പുരുഷ തൊഴിലാളി സമ്പാദിക്കുന്ന ഓരോ രൂപയ്ക്കും തുല്യമായി ഒരു സ്ത്രീ തൊഴിലാളികൾക്ക് 63 പൈസ മാത്രമാണ് സമ്പാദിക്കുന്നത്. പകർച്ചവ്യാധി ആരംഭിച്ച 2022 നവംബർ മുതൽ, ഇന്ത്യയിലെ ശതകോടീശ്വരന്മാർ അവരുടെ സ്വത്ത് 121 ശതമാനം അല്ലെങ്കിൽ യഥാർത്ഥത്തിൽ പ്രതിദിനം 3,608 കോടി രൂപ സമ്പാദിച്ചതായി ഓക്സ്ഫാം റിപ്പോർട്ട് പറയുന്നു. ഇന്ത്യയിലെ മൊത്തം ശതകോടീശ്വരന്മാരുടെ എണ്ണം 2020-ൽ 102 ആയിരുന്നത് 2022-ൽ 166 ആയി ഉയർന്നതായി ഓക്സ്ഫാം പറഞ്ഞു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com